04 കോവിഡാനന്തരം
10 വൈറസുകളുടെ വികൃതലോകം
12 ലൗദാത്തോ സി
16 ഹോങ്കോംഗിൽ പള്ളികൾ തുറക്കുന്നു



ജീവനാദം
JEEVANAADAM
പേജ് 16 ₹ 6.00
2020 മെയ് 28 ●പുസ്തകം 16 ●ലക്കം 26
jeevanews2005@gmail.com www.jeevanaadam.in jeeva news malayalam


# നാടകത്തിന്റെ ജീവിതപ്രതിസന്ധി

*(പ്രമുഖ ചവിട്ടുനാടക-നാടകകലാകാരനാണ് ലേഖകൻ. കേരള ലത്തീൻ സഭയുടെ കേരള ലാറ്റിൻ കാത്തലിക് അസോസിയേഷന്റെ കോട്ടപ്പുറം രൂപതാ പ്രസിഡന്റാണ്).*



**അലക്സ് താളൂപ്പാടത്ത്**

2018, 19 വർഷങ്ങളിലെ പ്രളയവും ഈ വർഷത്തെ കൊവിഡ്-19 വ്യാപനവും മലയാളിയുടെ ഏറ്റവും വലിയ കലാരൂപങ്ങളിലൊന്നായ പ്രൊഫഷണൽ നാടകത്തെ അടിമുടി തകർത്തിരിക്കുകയാണ്. പ്രളയങ്ങൾക്കു ശേഷം സാവധാനത്തിൽ പ്രതിസന്ധി അതിജീവിച്ചുകൊണ്ടിരിക്കെ സീസണിന്റെ ഏറ്റവും നല്ല സമയത്ത് കൊറോണ നാടകവേദിയെ പിടികൂടി. അടുത്ത സീസണിലെ നാടകപ്രതീക്ഷകളും അസ്തമിച്ചതോടെ വലിയ പ്രതിസന്ധിയിലായിരിക്കുകയാണ് നാടകസമിതികളും കലാകാരന്മാരും അണിയറ പ്രവർത്തകരും. പ്രതിസന്ധിയുടെ ആഴം നീന്തിക്കടന്ന് നാടകത്തിന് തിരിച്ചെത്താനാകുമോ? പ്രൊഫഷണൽ നാടകത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ രചിച്ച ലേഖനപരമ്പര ആരംഭിക്കുന്നു.

അടുത്ത ബെല്ലിനു നാടകം ആരംഭിക്കും... താഴ്ന്നു കിടക്കുന്ന തിരശീലക്കു പിന്നിൽ നിന്ന് ഘനഗംഭീര ശബ്ദം മുഴങ്ങുമ്പോൾ മയങ്ങിപ്പോയവരും ചാടിയെഴുന്നേൽക്കും. പിന്നെ ആകാംക്ഷയോടെ കാത്തിരുപ്പാണ്. ജീവിതത്തിൽ നാം നിത്യേന കണ്ടുമു ട്ടുന്ന കഥാപാത്രങ്ങൾ ചായം തേച്ചമുഖത്തോടെ നമുക്കു മുന്നിൽ പുനരവതരിക്കുന്നു. അവർ പുതിയ കാഴ്ചപ്പാടുകളും സന്ദേശങ്ങളും നമുക്കു മുന്നിൽ വയ്ക്കുന്നു. ചിരിപ്പിക്കുന്നു, കരയിപ്പിക്കുന്നു...

കേരളത്തിൽ നവോത്ഥാനമൂല്യങ്ങൾ വേരുറപ്പിക്കുന്നതിൽ നാടകങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. വി.ടി ഭട്ടതിരിപ്പാടും തോപ്പിൽഭാസിയും എൻ.എൻ പിള്ളയും ഒ. മാധവനും തങ്ങളുടെ ജീവിത ഉലകളിൽ നിന്നാണ് നാടകം വാർത്തെടുത്തത്. ആ സ്രോതസുകൾ ഇപ്പോഴും വറ്റാത്ത ഉറവയായി കേരളത്തിലെ പ്രൊഫഷണൽ നാടകസംഘങ്ങളിലൂടെ ഒഴുകുന്നു.

## ഉയർന്നവർ നിരവധി; തകർന്നവരും

നാടകം അസ്ഥിക്കു പിടിച്ച് എല്ലാം ഉപേക്ഷിച്ച് അരങ്ങുകൾക്കു പിന്നാലെ പോയവർ നിരവധിയാണ്. അവരിൽ രക്ഷപ്പെട്ടവർ ചുരുക്കവും. ജഗതി എൻ.കെ.ആചാരി, അടൂർഭാസി, തിക്കുറിശി, നാഗവള്ളി ആർ.എസ് കുറുപ്പ്, മധു, സത്യൻ, തിലകൻ, നെടുമുടി വേണു, ഭരത് ഗോപി, രാജൻ.പി. ദേവ്, എഎൻ. എഫ് വർഗീസ്, സണ്ണി, വിജയരാഘവൻ, ജേസി, കിത്തോ, ബെന്നി. പി. നായരമ്പലം തുടങ്ങിയവർക്ക് സിനിമകളിലും തങ്ങളുടെ കഴിവ് പ്രകടിപ്പിക്കാൻ അവസരം ലഭിച്ചു.

പുതിയ തലമുറയ്ക്ക് നാടകത്തോട് പ്രിയം കുറഞ്ഞുതുടങ്ങി. സിനിമാറ്റിക് ഡാൻസും, ഗാനമേളയും മിമിക്രി പരിപാടികളും വലിയ തോതിൽ തന്നെ നാടകങ്ങളുടെ അവസരങ്ങൾ കവർന്നെടുത്തു.

വമ്പൻ നാടകസമിതികൾക്കു പോലും കാലത്തിന്റെ മാറ്റത്തിൽ പിടിച്ചു നിൽക്കാനായില്ല. ചെലവ് വർധിച്ചതോടെ നാടകസംഘങ്ങൾ രൂപീകരിക്കുന്നതും, കൊണ്ടു നടക്കുന്നതും വലിയ സാമ്പത്തിക ബാധ്യതയായി മാറി.

പലസംഘങ്ങളും നാടകത്തിൽ നിന്നു വിടവാങ്ങിയെങ്കിലും നാടകത്തെ ജീവിതത്തിന്റ അംശമായി കൊണ്ടുനടന്നിരുന്നവർ പുതിയ നാടകട്രൂപ്പുകൾ രൂപീകരിച്ച് പിടിച്ചുനിൽക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പകൽ ഓട്ടോറിക്ഷ ഓടിക്കുകയോ പെയിന്റിംഗ് പണിക്കുപോകുകയോ ചെയ്ത് രാത്രിയിൽ നാടകഅരങ്ങിലേക്ക് ചായം തേച്ച് കടന്നുവരുന്ന ധാരാളം കലാകാരന്മാരുമുണ്ട്-നാടകസംഘങ്ങളുടെ നട്ടെല്ലായ ഈ കലാകാരന്മാരാണ് ഇപ്പോഴും നാടകത്തെ സജീവമായി നിലനിർത്തി വന്നിരുന്നത്.

കേരളത്തിലെ നാടകസീസൺ കഷ്ടിച്ച് 6 മാസമാണ്. ഒരു വർഷം ഈ ആറുമാസത്തെ വരുമാനം കൊണ്ട് ജീവിക്കേണ്ട അവസ്ഥ. 6 മാസത്തിൽ 150 കളികൾ മുതൽ 300 കളികൾ വരെയാണ് ശരാശരി ലഭിക്കുക. റിഹേഴ്സൽ 30-40 ദിവസത്തോളം വരും. തട്ടിൽകേറാൻ ഒരുങ്ങിയാൽ മേളകളികളിൽ പങ്കെടുക്കണം. ഈ കളികളിൽ നിന്നാണ് ആ സീസണിലെ ബുക്കിംഗുകൾ ഉണ്ടാകുന്നത്. ഇത്തരം കളികളിൽ ബാറ്റക്കാശ് മാത്രമാണ് നടീനടന്മാർക്കും അണിയറപ്രവർത്തകർക്കും ലഭിക്കുകയുള്ളൂ. ആ സീസണിൽ ശരാശരി കളിയെങ്കിലും ലഭിക്കണമെങ്കിൽ ഈ സൗജന്യം ചെയ്തുകൊടുക്കാതെ പറ്റില്ല.

ഇരുന്നൂറിലധികം പ്രൊഫഷണൽ നാടകസംഘങ്ങൾ കേരളത്തിലുണ്ട്. എല്ലാ സീസണിലും നാടകമിറക്കുന്ന നൂറോളം മികച്ച സമിതികളുമുണ്ട്. പഴയ കാലത്ത് ഒരു സമിതിയിൽ നടീനന്മാരും അണിയറ പ്രവർത്തകരുമുൾപ്പെടെ 20നും 25നുമിടയിൽ പേർ സഹകരിച്ചിരുന്നെങ്കിൽ സാമ്പത്തിക ചെലവ് ഉയർന്നതും സാങ്കേതിക വിദ്യയിൽ വന്ന പുരോഗതി യും ഇവരുടെ സംഖ്യ 15 ആയി ചുരുക്കിയിട്ടുണ്ട്. 100 സമിതികളുടെ കണക്കെടുത്താൽ 1500 പേർ ഇപ്പോൾ സജീവമായി രംഗത്തുണ്ടെന്നർഥം.

രംഗസജ്ജീകരണം, നടീനടന്മാർക്കുള്ള അഡ്വാൻസ്, ഗാനങ്ങൾ ചിട്ടപ്പെടുത്തൽ, വസ്ത്രവിതാനം, പരസ്യം, വാഹനം തുടങ്ങിയവയ്ക്കായി ഏകദേശം 8 മുതൽ 10 ലക്ഷം രൂപവരെയാണ് മുതൽ മുടക്കേണ്ടത്.

(തുടരും)



കേരള സംഗീത അക്കാദമിയുടെ ആങ്ങള എന്ന നാടകത്തിൽ നിന്ന്

## സർക്കാർ ഇടപെടണം



കഴിഞ്ഞവർഷം കുറച്ചധികം പ്രൊഫഷണൽ നാടകങ്ങൾക്ക് സംഗീതം നിർവഹിച്ചിരുന്നു. ഇത്തവണ കൂടുതൽ വേദികൾ ലഭിക്കുമെന്നായിരുന്നു പ്രതീക്ഷ. കേരളത്തിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണല്ലോ കലാകാരന്മാർക്ക് പ്രത്യേകിച്ച്, നാടകക്കാർക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്ന സമയം. കൊവിഡ്-19 വ്യാപിച്ചത് ഈ സമയത്തായിരുന്നു. തുടർന്ന് ലോക്ഡൗൺ. മേയ് മാസത്തോടെ ലോക്ഡൗണിൽ പല ഇളവുകളും ലഭിച്ചു. വിവിധ തൊഴിൽമേഖലകൾ തുറക്കുകയും തൊഴിലാളികൾക്ക് കുറച്ചു ഭേദപ്പെട്ട നിലയുണ്ടാകുകയും ചെയ്തു.

ഉത്സവങ്ങളും തിരുനാളുകളും താത്കാലികമായെങ്കിലും ഇല്ലാതായതോടെ കലാകാരന്മാരുടെ പ്രതീക്ഷകൾക്ക് തിരിച്ചടിയായി. സർക്കാരും സാസ്കാരികവകുപ്പും മുൻകയ്യെടുത്ത് അടിയന്തിര നടപടികൾ സ്വീകരിക്കണം. ശുഭപ്രതീക്ഷയോടെ നമുക്ക് കാത്തിരിക്കാം

***സെബി നായരമ്പലം***

## ശുഭപ്രതീക്ഷയോടെ നമുക്ക് കാത്തിരിക്കാം



നാടകമുൾപ്പെടെയുള്ള എല്ലാ കലാപ്രവർത്തനങ്ങളെയും കൊറോണ ബാധിച്ചിട്ടുണ്ട്. കേരളത്തിലെ നാടകപ്രസ്ഥാനത്തെ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിച്ചിട്ടുള്ളത് ക്ഷേത്രങ്ങളും ദേവാലയങ്ങളുമാണ്. ഉത്സവങ്ങൾ ഇല്ലാതാക്കുമ്പോഴും വെട്ടിച്ചുരുക്കുമ്പോഴും അത് കൂടുതൽ ബാധിക്കുന്നത് കലാരൂപങ്ങളെയാണ്. മഹാമാരിയെ കണ്ട ലോകം മറ്റൊരു രൂപത്തിലാ യിരിക്കും തിരിച്ചുവരിക. നാടകപ്രസ്ഥാനങ്ങളോട് ക്രൈസ്തവദേവാലയങ്ങൾ പുലർത്തുന്ന താത്പര്യം എന്നും ഓർമിക്കപ്പെടേ ണ്ടതാണ്. കലാകാരന്മാരുടെ ജീവിത സങ്കേതങ്ങളാണ് ആരാധനാലയങ്ങൾ. കലയില്ലാത്ത ലോകത്തെ സങ്കല്പിക്കാൻ പോലും നമുക്ക് കഴിയില്ല. അതുകൊണ്ടുതന്നെ ഞാൻ ശുഭപ്രതീക്ഷയിലാണ്.

***വത്സൻ നിസരി (നടൻ, സംവിധായകൻ)***

## നാടകപ്രവർത്തകരെ ആത്മഹത്യയിൽ നിന്നു രക്ഷിക്കണം

കഴിഞ്ഞ മുപ്പത്തിരണ്ട് വർഷമായി പ്രൊഫഷണൽ നാടകരംഗത്ത് പ്രവർത്തിക്കുന്ന ഒരാളാണ് ഞാൻ. ഇക്കാലമത്രയും നാടകം മാത്രമായിരുന്നു ജീവിതമാർഗം. മറ്റൊരു തൊഴിലും അറിയില്ല. കഴിഞ്ഞ രണ്ട് സീസണിൽ പ്രളയം മൂലവും, ഈ സീസണിൽ കൊറോണ മൂലവും ഞാനും, എന്നേപ്പോലുള്ള കലാ കാരന്മാരും വലിയ പ്രതിസന്ധിയിൽ ആയിരിക്കുകയാണ്.സർക്കാരിൽ നിന്നും കിട്ടുന്ന ( ക്ഷേമനിധി ) ആനുകൂല്യം ആയിരം രൂപ വച്ച് രണ്ട് മാസത്തേക്ക് കിട്ടും. ഇപ്പോൾ ഇതൊരാശ്വ മാണെങ്കിലും ഈ രണ്ടു മാസം കഴിഞ്ഞാൽ തുടർന്നങ്ങോട്ട് എന്തു ചെയ്യും. അത് കൊണ്ട് ഞങ്ങൾ നാടകപ്രവർത്തകരുടെ കാര്യത്തിൽ സർക്കാർ എത്രയും പെട്ടന്ന് ഒരു ശാശ്വത പരിഹാരം കാണുമെന്ന് പ്രതീക്ഷിക്കുന്നു.

***തങ്കച്ചൻ കോന്തുരുത്തി***

ജീവനാദം
JEEVANAADAM

# ജൈവവൈവിധ്യം എന്ന മഹാത്ഭുതം

## ജൂൺ 5, ലോക പരിസ്ഥിതി ദിനം

**യാഥാർഥ്യബോധത്തോടെ പ്രതികരിച്ചില്ലെങ്കിൽ വലിയ വില കൊടുക്കേണ്ടിവരും.**

**ജോബി ബേബി, കുവൈറ്റ്**

മനുഷ്യന്റെ കടന്നുകയറ്റം കൊണ്ട് ഇല്ലാതായികൊണ്ടിരിക്കുന്ന പച്ചപ്പിനെയും താറുമാറായിക്കൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥയെയും ഓർമിപ്പിക്കാ നായി വീണ്ടും ഒരു ദിനം കൂടി. കൊറോണ എന്ന മഹാ വിപത്ത് ലോകം മുഴുവൻ ആഞ്ഞടിക്കുന്ന ഈ സാഹചര്യത്തിലാണ് ഈ വർഷത്തെ പരിസ്ഥിതി ദിനം നാം ആചരിക്കുന്നത്. കൊറോണ ഭീതി മൂലം മനുഷ്യസമൂഹം താന്താങ്ങളുടെ പാർപ്പിടങ്ങളിൽ സുരക്ഷിതമായതോടെ നഗരങ്ങളും ഗ്രാമങ്ങളും വിജനമായതും അതുമൂലം പ്രകൃതിയും വായുവും ഏകദേശം ശുദ്ധിയായിരിക്കുന്നതും നാം വാർത്തകളിൽ കണ്ടതാണ്. പ്രകൃതി തന്നെ ഒരു ശുദ്ധീകരണം നടത്തിയത് പോലെ എല്ലാവർക്കും അനുഭവപ്പെട്ടു എന്നതും വാസ്തവം തന്നെ.

പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം വരുത്താനും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യാനുമാണ് പരിസ്ഥിതി ദിനം ആചരിക്കുന്നത്. ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയാണ് 1972 മുതൽ ഈ ദിനാചരണം ആരംഭിച്ചത്.

ദിവസേന അന്തരീക്ഷത്തിലെത്തിച്ചേരുന്ന കാർബൺ ഡൈഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ക്ലോറോ ഫ്ലൂറോ കാർബണുകൾ എന്നീ വാതകങ്ങളുടെ അളവ് കൂടിക്കൊണ്ടിരിക്കുന്നു. ഇവ ഓസോൺ പാളികളുടെ തകർച്ചയ്ക്കു കാരണമാകുകയും തന്മൂലം ആഗോളതാപനം ഉണ്ടാകുകയും ചെയ്യുന്നു. മരങ്ങളും കാടുകളും സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിസ്തൃതമാക്കാൻ ശ്രമിക്കുക, അതുവഴി ആഗോള പാരിസ്ഥിതിക സന്തുലനവും കാലാവസ്ഥാ സുസ്ഥിരതയും ഉറപ്പാക്കുക എന്നതാണ് പരിസ്ഥിതി ദിനാചരണത്തിന്റെ ലക്ഷ്യം.

'കാർബൺ ന്യൂട്രാലിറ്റി' കൈവരിക്കുക വഴി ഓസോൺ വിള്ളലിനു കാരണമാവുകയും ആഗോളതാപനം ഉണ്ടാക്കുകയും ചെയ്യുന്ന ഗ്രീൻ ഹൗസ് വാതകങ്ങൾ പരമാവധി കുറയ്ക്കാനുള്ള ശേഷി കൈവരിക്കുകയുമാണ് ഉദ്ദേശിക്കുന്നത്.

ലോകപരിസ്ഥിതി ദിനം 2020 പ്രധാനമായും ചർച്ച ചെയ്യുന്നതു'ജൈവവെവിധ്യത്തെ ആഘോഷിക്കുക' എന്ന വിഷയത്തെ പറ്റിയാണ്. ജർമനിയുമായി സഹകരിച്ച് കൊളംബിയ ആയിരിക്കും ആതിഥേയത്വം വഹിക്കുന്ന രാജ്യം.'1 ദശലക്ഷം ജീവിവർഗങ്ങൾ വംശനാശം നേരിടുന്നതിനാൽ, ജൈവവൈവിധ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഇതിലും പ്രധാനപ്പെട്ട സമയം വേറെയില്ല" ജൈവവൈവിധ്യത്തിന്റെ 10% കൈവശം വച്ചിരിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ "മെഗാഡൈവേഴ്സ്" രാജ്യങ്ങളിലൊന്നാണ് കൊളംബിയ. ആമസോൺ മഴക്കാടുകളുടെ ഭാഗമായതിനാൽ പക്ഷി, ഓർക്കിഡ് വർഗവൈവിധ്യത്തിൽ കൊളംബിയ ഒന്നാം സ്ഥാനത്തും സസ്യങ്ങൾ, ചിത്രശലഭങ്ങൾ, ശുദ്ധജല മത്സ്യങ്ങൾ, ഉഭയജീവികൾ എന്നിവയിലും രണ്ടാം സ്ഥാനത്താണ്.

**മരങ്ങളും കാടുകളും സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിസ്തൃതമാക്കാൻ ശ്രമിക്കുക, അതുവഴി ആഗോള പാരിസ്ഥിതിക സന്തുലനവും കാലാവസ്ഥാ സുസ്ഥിരതയും ഉറപ്പാക്കുക എന്നതാണ് പരിസ്ഥിതി ദിനാചരണ ത്തിന്റെ ലക്ഷ്യം.**



ഭൂമിയുടെ ഭൂഗർഭ, ശുദ്ധജല, സമുദ്ര ജീവികളുടെയും അവയുടെ ആവാസവ്യവസ്ഥകളുടെയും വ്യതിയാനമാണ് ജൈവവൈവിധ്യങ്ങൾ. ഭൂമിയിലെ എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിന് ജൈവവൈവിധ്യം പ്രധാനമാണ്. മാത്രമല്ല മനുഷ്യ സമൂഹങ്ങളെ അഭിവൃദ്ധി പ്പെടുത്താൻ അനുവദിക്കുന്ന പരിസ്ഥിതിയുടെ ചരക്കുകളുടെയും സേവന ങ്ങളുടെയും മൂലക്കല്ല് കൂടിയാണിത്. ജൈവവൈവിധ്യങ്ങൾ നമുക്ക് ഭക്ഷണം, ജലം, വിഭവങ്ങൾ എന്നിവയും കാലാവസ്ഥാ നിയന്ത്രണം, പരാഗണത്തെ, വെള്ളപ്പൊക്കം നിയന്ത്രിക്കൽ, പോഷകങ്ങളുടെ സൈക്ലിംഗ് തുടങ്ങിയ സേവനങ്ങളും നൽകുന്നു.

ഏറ്റവും ചെറിയ ബാക്ടീരിയ മുതൽ ഏറ്റവും വലിയ കശേരുക്കൾ വരെയുള്ള എല്ലാ ഭാഗങ്ങളെയും പരിസ്ഥിതി വ്യവസ്ഥകൾ ആശ്രയിക്കുന്നു. എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ചിലർ ഓക്സിജൻ ഉത്പാദിപ്പിക്കുന്നത് മറ്റുള്ളവർ ശ്വസിക്കുന്നു. ചിലത് വലിയ ജീവിവർഗങ്ങൾക്ക് ഭക്ഷണം നൽകുന്നു, അത് വലിയ ഇനങ്ങൾക്ക് ഇരയായിത്തീരുന്നു. സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ എല്ലാ ജീവജാലങ്ങൾക്കും പങ്കുണ്ട്.

ഒരു വർഗം നീക്കംചെയ്തുകൊണ്ട് നിങ്ങൾക്ക് ആത്യന്തികമായി ഒന്നിൽ കൂടുതൽ വർഗങ്ങൾ നഷ്ടപ്പെടും. പ്രകൃതിയിലെ 98% ത്തിലധികം ജീവജാലങ്ങൾക്കും വംശനാശം സംഭവിച്ചു.

ജൈവവൈവിധ്യത്തിൽ മൂന്ന് പ്രാഥമിക തരങ്ങളുണ്ട്: സ്പീഷിസ് വൈവിധ്യം (ജനിതക വൈവിധ്യം), സ്പീഷിസ് വൈവിധ്യം (മൃഗങ്ങളുടെ വൈവിധ്യം), ആവാസ വ്യവസ്ഥയുടെ വൈവിധ്യം (പരിസ്ഥിതി സിസ്റ്റം വൈവിധ്യം) തുടങ്ങിയവ. പ്രകൃതി അമ്മയാണ്. അമ്മയെ നശിപ്പിക്കരുത്. പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ മനുഷ്യൻ പ്രവർത്തിക്കുന്നത് ലോകനാശത്തിന് തന്നെ കാരണമാകും. മണ്ണും വെള്ളവും വായുവും അടക്കമുള്ള ആവാസവ്യവസ്ഥയ്ക്ക് സംഭവിക്കുന്ന ഏതൊരു മാറ്റവും മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ നിലനിൽപ്പിനെ ആഴത്തിൽ ബാധിക്കുമെന്ന തിരിച്ചറിവും അതുണ്ടാക്കുന്ന ആശങ്കകളും ഇന്ന് ലോകജനത പൊതുവിൽ പങ്കുവെക്കുന്നുണ്ട്. അതിനെ ഓർമിപ്പിക്കുകയും മുന്നറിയിപ്പ് നൽകുകയുമാണ് ലോക പരിസ്ഥിതി ദിനവും. ആലസ്യങ്ങളിൽനിന്നുണർന്ന്, പ്രകൃതി നൽകുന്ന സൂചനകൾ തിരിച്ചറിഞ്ഞ് യാഥാർഥ്യബോധത്തോടെ പ്രതികരിച്ചില്ലെങ്കിൽ നമ്മുടെ അലംഭാവത്തിന് വലിയ വില കൊടുക്കേണ്ടിവരും.

ജീവനാദം
JEEVANAADAM

## വാർത്തകൾ

# പ്രവാസികളുടെ കൊറന്റൈൻ ചിലവ് സർക്കാർ തീരുമാനം പുനഃപരിശോധിക്കണം: കെഎൽസിഎ കോട്ടപ്പുറം രൂപത

കോട്ടപ്പുറം: നമ്മുടെ വികസനത്തിന്റെ നല്ലൊരു പങ്കും നൽകി വരുന്ന പ്രവാസികൾ നിലവിൽ പട്ടിണിയിലാണ്. പലരും ശമ്പളമില്ലാതെ കഴിഞ്ഞ ഒന്നര മാസമായി ദുരിതത്തിലാണ്. ഈ പ്രവാസികൾക്കു സൗജന്യ ചികിത്സ നൽകാൻ തയ്യാറാകണം.

എംപിമാരും എംഎൽഎമാരും വിചാരിച്ചാൽ മാത്രം ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്ന് വിഡിയോ കോൺഫറൻസിൽ ചേർന്ന മീറ്റിംഗിൽ വ്യക്തമാക്കി. രൂപത പ്രസിഡന്റ് അലക്സ് താളുപ്പാടത്ത് അധ്യക്ഷത വഹിച്ചു. ജോൺസൻ മങ്കുഴി, അനിൽ കുന്നത്തർ, സേവിപടിയിൽ, വിൻസി ജെയിംസ്, ഷീല ഏഴിക്കര, ഷാജു പീറ്റർ എന്നിവർ സംസാരിച്ചു.



# പെന്തകോസ്ത ദിനം വിശ്വാസ പ്രഖ്യാപന ദിനമായി ആചരിച്ചു

കൊച്ചി: പെന്തക്കോസ്ത ദിനം വിശ്വാസപ്രഖ്യാപന ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ഫോർട്ട് കൊച്ചി സാന്തക്രൂസ് കത്തീഡ്രൽ ബസിലിക്കയിലെ പഴയ ദേവാലയത്തിന്റെ സ്മാരകത്തിനു മുന്നിൽ നടന്ന ചടങ്ങ് കൊച്ചി രൂപത വികാരി ജനറൽ മോൺ. പീറ്റർ ചടയങ്ങാട് ഉദ്ഘാടനം ചെയ്തു.

കെസിവൈഎം കൊച്ചി രൂപത പ്രസിഡന്റ് ജോസ് പള്ളിപ്പാടൻ അധ്യക്ഷനായിരുന്നു. രൂപത പിആർഒ ഫാ. ജോണി പുതുക്കാട് യുവജനങ്ങൾ കത്തോലിക്ക വിശ്വാസത്തിലും, പാരമ്പര്യത്തിലും അടിയുറച്ച് വളരേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി. രൂപത ഡയറക്ടർ ഫാ. മെൽട്ടസ് കൊല്ലശേരി വിശ്വാസപ്രമാണം ചൊല്ലി കൊടുത്തു. കെസിവൈഎം രൂപതാ ജനറൽ സെക്രട്ടറി കാസി പൂപ്പന, ബസിലിക്ക റെക്ടർ ഫാ. ജോപ്പൻ അണ്ടിശേരി, കെസിവൈഎം ലാറ്റിൻ സംസ്ഥാന ജനറൽ സെക്രട്ടറി ആന്റണി ആൻസിൽ എന്നിവർ പങ്കെടുത്തു. കൊച്ചി രൂപതയിലെ മുഴുവൻ യുവജനങ്ങളും ഭവനങ്ങളിൽ തിരുഹൃദയ നടയിൽ തിരി തെളിയിച്ച് വിശ്വാസപ്രഖ്യാപനം നടത്തി.

ഞാൻ വിശ്വസിക്കുന്നു എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് എല്ലാവർഷവും കെസിവൈഎം കൊച്ചി രൂപതയുടെ നേതൃത്വത്തിൽ യുവജനങ്ങൾ വിശ്വാസത്തിൽ അടിയുറച്ച് വളരുന്നതിനുള്ള സന്ദേശം നൽകുന്നതിന്റെ ഭാഗമായിരുന്നു ചടങ്ങ്.

# ട്രോളിംഗ് നിരോധനം ജൂൺ ഒമ്പതിന് അർദ്ധരാത്രി മുതൽ
## *വള്ളങ്ങളിൽ 30 പേർക്ക് പോകാൻ അനുമതി



തിരുവനന്തപുരം: സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിംഗ് നിരോധനം ജൂൺ ഒമ്പതിന് അർദ്ധരാത്രി മുതൽ ആരംഭിക്കുമെന്ന് ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടി അമ്മ അറിയിച്ചു. മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും വീഡിയോ കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങളും സേവനങ്ങളും കാലോചിതമായി സംരക്ഷിക്കുന്നതിനോടൊപ്പം കടൽ ആവാസവ്യവസ്ഥയിൽ മത്സ്യബന്ധനംമൂലം ഉണ്ടാകുന്ന ആഘാതം ലഘൂകരിക്കുന്നതിനും വിവിധ മത്സ്യങ്ങളുടെ പ്രജനനത്തിന് അനുകൂലമായ സാഹചര്യം ഒരുക്കുന്നതിനുമാണ് ട്രോളിംഗ് നിരോധനം സർക്കാർ നടപ്പാക്കി വരുന്നത്. ഓരോ ട്രോളിംഗ് നിരോധനത്തിനു ശേഷവും ഉണ്ടാകുന്ന മത്സ്യവർധനവ് ട്രോളിംഗ് നിരോധനത്തിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്നതായി മന്ത്രി വ്യക്തമാക്കി. ട്രോളിംഗ് നിരോധന സമയത്ത് കടൽ രക്ഷാപ്രവർത്തനങ്ങൾക്കും പെട്രോളിംഗിനുമായി എല്ലാ തീരദേശ ജില്ലകളിലുമായി 20 സ്വകാര്യ ബോട്ടുകൾ വാടകയ്ക്ക് എടുത്ത് പ്രവർത്തനം ആരംഭിക്കും. നേരത്തെ പരിശീലനം ലഭിച്ചിട്ടുള്ള 80 മത്സ്യത്തൊഴിലാളി യുവാക്കളെ കടൽരക്ഷാ പ്രവർത്തനങ്ങൾക്കായി നിയോഗിക്കും.

ഹാർബറുകളിലും ലാൻഡിംഗ് സെന്ററുകളിലുമുള്ള പെട്രോൾ ബങ്കുകൾ ട്രോൾ ബാൻ കാലയളവിൽ പ്രവർത്തിക്കില്ല. മറൈൻ ആംബുലൻസിന്റെ സേവനം ജൂൺ, ജൂലൈ മാസങ്ങളിൽ ലഭ്യമാക്കും. 50 പേർക്ക് പോകാവുന്ന വള്ളങ്ങളിൽ 30 പേർക്ക് പോകാൻ അനുമതി നൽകും. അഞ്ചു പേർക്ക് പോകാവുന്ന ഒരു കാരിയർ വള്ളം കൂടി ഇത്തരം വള്ളങ്ങളുടെ കൂടെ അനുവദിക്കും. അന്യസംസ്ഥാന ബോട്ടുകൾ ജൂൺ ഒൻപത് അർദ്ധരാത്രിക്ക് മുമ്പ് ഹാർബറുകളിൽ നിന്ന് അവരുടെ സ്ഥലങ്ങളിലേക്ക് പോകണം. 1800 കിലോയോളം തൂക്കം വരുന്ന ഇപ്പോൾ ഉപയോഗിക്കുന്ന വലകൾക്ക് പകരം ചെറിയ വലകൾ ഉപയോഗിക്കുന്നതായിരിക്കും ഉചിതം.

വള്ളങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ എണ്ണവും വലകളുടെ ഭാരവും കുറയുന്നതുകൊണ്ട് ശക്തിയേറിയ എൻജിനുകൾ ഉപയോഗിക്കാതിരിക്കാൻ മത്സ്യത്തൊഴിലാളികൾ ശ്രദ്ധിക്കണം. ലേലം നിർത്തിവെച്ചുള്ള വിലനിർണയം ഹാർബറുകളിൽ നടക്കുന്നതിനാൽ അവസാനം വരുന്ന മത്സ്യത്തിനും നിശ്ചിതവില ലഭിക്കും. വലിയ എൻജിൻ ഉപയോഗിക്കുന്നതിലൂടെയുള്ള കൂടുതൽ മണ്ണെണ്ണ ഉപഭോഗം കുറയ്ക്കാനും മണ്ണെണ്ണ വഴിയുള്ള കടൽ മലിനീകരണം ഒഴിവാക്കാനും സഹായിക്കുമെന്ന് മന്ത്രി അറിയിച്ചു.

ഫിഷറീസ് സെക്രട്ടറി ഇഷിതാറോയ്, ഫിഷറീസ് ഡയറക്ടർ എസ്. വെങ്കിടേശപതി, മത്സ്യഫെഡ് ചെയർമാൻ പി.പി. ചിത്തരഞ്ജൻ, പുല്ലുവിള സ്റ്റാൻലി, ചാൾസ് ജോർജ്, ഓസ്റ്റിൻ ഗോമസ്, ഉമ്മർ ഓട്ടുമ്മൽ, റ്റി. പീറ്റർ, രജനീഷ് ബാബു, സോണിയ ജോർജ്ജ് എന്നിവർ പങ്കെടുത്തു.

# പ്രശസ്ത സംഗീത സംവിധായകൻ വാജിദ് ഖാൻ അന്തരിച്ചു

മുംബൈ : ബോളിവുഡിലെ സംഗീത സംവിധായകൻ വാജിദ് ഖാൻ (42) അന്തരിച്ചു. വൃക്ക രോഗത്തെത്തുടർന്ന് മുംബൈയിലെ ആശുപത്രിയിൽ ചികിത്സയിലായിരുന്നു അദ്ദേഹം. കുറച്ച് ദിവസങ്ങൾക്ക് മുൻപാണ് വാജിദിനെ മുംബൈയിലെ ചെമ്പൂരിലെ സുർണ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പിന്നീട് നില വഷളാകുകയായിരുന്നു. നേരത്തെ ഇദ്ദേഹത്തിന് വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയ നടത്തിയിരുന്നു. മാറ്റിവച്ച വൃക്കയിൽ ഇൻഫക്ഷൻ വന്നതാണ് പെട്ടെന്ന് ആരോഗ്യ നില തകരാറിലാകുവാൻ ഇടയാക്കിയത്. കഴിഞ്ഞ നാലുദിവസമായി വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് വാജിദ് ‍ീവൻ നിലനിർത്തിയിരുന്നത്. പിന്നീട് നിലഗുരുതരമായി.

വാണ്ടഡ്, ഏക്താ ടൈഗർ, ദബാങ് തുടങ്ങിയ ചിത്രങ്ങൾക്ക് സംഗീതമൊരുക്കി. സഹോദരൻ സാജിദുമായി ചേർന്ന് നിരവധി ചിത്രങ്ങൾക്ക് സംഗീതസംവിധാനം നിർവഹിച്ചിട്ടുണ്ട്.

അവസാനമായി സൽമാൻ ഖാൻ ലോക്ക്ഡൗൺ കാലത്ത് ഇറക്കിയ പ്യാർ കരോ, ബായി ബായി എന്നീ ഗാനങ്ങളുടെ സഹസംഗീത സംവിധായകനായും വാജിദ് പ്രവർത്തിച്ചിട്ടുണ്ട്. 1998ലെ പ്യാർ കീയാതോ ഡർനാ ഹെയിലാണ് വാജിദ് ആദ്യമായി രംഗത്ത് എത്തുന്നത്. സൽമാൻ ഖാൻ ചിത്രങ്ങളിലൂടെയാണ് സാജിദ്‌വാജിദ് കൂട്ടുകെട്ട് പ്രശസ്തരായത്. ദബാഗ് സീരിസിലെ ഗാനങ്ങളുടെ പേരിലാണ് ഇവർക്ക് കൂടുതൽ പ്രശസ്തി ലഭിച്ചത്. പിന്നണി ഗായകനും കൂടിയായ വാജിദ്, മേരേ ഹി ജൽവാ, ഫെവികോൾ സെ, ചീൻതാ താ ചീൻതാ (റൗഡി റാത്തോഡ്) തുടങ്ങിയ ബ്ലോക്ക്ബസ്റ്റർ ഗാനങ്ങൾക്ക് ശബ്ദം നൽകിയിട്ടുണ്ട്.



ജീവനാദം
JEEVANAADAM

Editorial


# കൊവിഡാനന്തരം

കോറോണ കാലത്ത് കേരളം പോലെ ഇത്ര സുരക്ഷിതമായൊരിടം ലോകത്ത് വേറെ എവിടെയെങ്കിലും കാണുമോ? ഈ മണ്ണിൽ പ്രവാസികളായി രോഗഭീതിയിൽ നിലവിളിക്കുന്നവർക്കുകൂടി അവകാശമുണ്ടെന്ന് വെറുംവാക്കുപറയുക മാത്രമല്ല മുഖ്യമന്ത്രി പിണറായി വിജയൻ, മടങ്ങിവരുന്നവരെയെല്ലാം സ്വീകരിക്കാൻ ഇവിടെ സർവം സജ്ജമാണെന്നും ഉറപ്പും നൽകുന്നുണ്ട്.

നാട്ടിലെത്താൻ തിടുക്കപ്പെടുന്നവരിൽ 1.35 ലക്ഷം പേർ വിദേശത്തെ ഇന്ത്യൻ എംബസികളിൽ രജിസ്റ്റർ ചെയ്ത് യാത്രക്കൊരുങ്ങുമ്പോൾ ഇവിടെ പ്രവാസികൾക്കായി 2.35 ലക്ഷം കിടക്കകളുള്ള ഐസൊലേഷൻ, ക്വാറന്റീൻ സൗകര്യം ഒരുക്കിക്കഴിഞ്ഞുവെന്നാണ് മുഖ്യമന്ത്രിയും കൂട്ടരും അവകാശപ്പെട്ടുകൊണ്ടിരുന്നത്.

എന്നാൽ വന്ദേ ഭാരത് മിഷൻ സ്പെഷൽ ഫ്ളൈറ്റുകളിൽ 16,474 പേർ എത്തിയപ്പോഴേക്കും പ്രവാസികളുടെ ക്വാറന്റീൻ ചെലവിന്റെ അധികഭാരം താങ്ങാനാവില്ലെന്ന ദീനഭാവമായി. കേന്ദ്രം അനുവദിച്ചാൽ എല്ലാവരെയും സ്വന്തം വീടുകളിലെ നിരീക്ഷണ പരിചരണത്തിലേക്കു വിടുകയാണ് കൂടുതൽ സുരക്ഷിതമെന്നാണ് സർക്കാരിന്റെ ഇപ്പോഴത്തെ നിലപാട്.

മഹാമാരിയുടെ കെടുതിയിൽ ജോലി നഷ്ടപ്പെട്ടവരും മാസങ്ങളായി ശമ്പളം ലഭിക്കാത്തവരും വിസാ കാലാവധി കഴിഞ്ഞവരും സന്ദർശക വിസയിൽ തൊഴിൽതേടിപ്പോയി ലോക്ഡൗണിൽ അകപ്പെട്ട് അഭയാർഥികളായി അലഞ്ഞവരും രോഗികളും വയോധികരും വിദ്യാർഥികളും തടവറയിൽ നിന്നു മോചിതരായവരുമൊക്കെയാണ് ഗൾഫ് രാജ്യങ്ങളിൽ നിന്നും മറ്റും മുൻഗണനാക്രമത്തിൽ സ്പെഷൽ ഫ്ളൈറ്റുകളിൽ എത്തുന്നത്. വിമാന ടിക്കറ്റിനു പണം കണ്ടെത്താൻ വഴിയില്ലാതെ പ്രവാസി സംഘടനകളുടെയും കരുണാമയരായ മറ്റു പലരുടെയും സഹായത്തോടെയാണ് അവർ നാടണയുന്നത്. ഗൾഫ് രാജ്യങ്ങളിലെ പ്രവാസികളിൽ 90 ശതമാനവും താഴ്ന്നവരുമാനക്കാരായ തൊഴിലാളികളാണെന്നിരിക്കെ അവർക്കായി എയർ ഇന്ത്യ എക്സ്പ്രസ് ചാർട്ടർ വിമാനയാത്ര സൗജന്യമാക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റ് ചെവിക്കൊണ്ടതേയില്ല. എംബസികൾ പ്രവാസികളിൽ നിന്നു പിരിക്കുന്ന ക്ഷേമനിധിയുടെ ഒരു വിഹിതം ഈ വിപത്ഘട്ടത്തിലെങ്കിലും അവർക്കായി നീക്കിവയ്ക്കേണ്ടതാണെന്ന നീതിബോധവും നമ്മുടെ വിദേശകാര്യ മന്ത്രാലയത്തിന് ഇല്ലാതെപോയി.



ഓഖി ചുഴലിക്കാറ്റും രണ്ടു പ്രളയങ്ങളും കൊവിഡ് മഹാമാരിയുമൊക്കെയുണ്ടായിട്ടും, കടുത്ത സാമ്പത്തിക ഞെരുക്കത്തിലും, അഞ്ചു വർഷത്തെ ഭരണകാലാവധിയിൽ ചെയ്തുതീർക്കേണ്ട പദ്ധതികളെല്ലാം നാലു വർഷംകൊണ്ടു പൂർത്തിയാക്കി എന്നവകാശപ്പെടുന്ന മുഖ്യമന്ത്രി രാജ്യത്ത് ആദ്യം കൊറോണവൈറസിനെ നേരിട്ട സംസ്ഥാനത്ത് നാലു മാസമായി ലോകോത്തര മാനദണ്ഡങ്ങളും കണിശമായ പ്രോട്ടോക്കോളും ആസൂത്രണവുമൊക്കെയായി – 851 കൊറോണ കെയർ സെന്ററുകൾ, 1,296 സർക്കാർ ആശുപത്രികളിൽ 49,702 ഐസൊലേഷൻ കിടക്കകൾ, 1,369 ഐസിയു കിടക്കകൾ, 1,045 വെന്റിലേറ്ററുകൾ; 866 സ്വകാര്യ ആശുപത്രികളിലായി 81,904 കിടക്കകൾ, 6,059 ഐസിയു കിടക്കകൾ, 1,578 വെന്റിലേറ്ററുകൾ എന്നിവ ഒരുക്കി, തിരിച്ചെത്തുന്ന പ്രവാസികൾക്ക് രോഗപരിശോധനയും ചികിത്സയും ആരോഗ്യപരിപാലനവുമൊക്കെ സൗജന്യമായിരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതാണ്. സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങളുടെയും സാമൂഹിക പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും സന്നദ്ധസേവകരുടെയും സഹകരണവും പിന്തുണയും ക്വാറന്റീൻ സൗകര്യവികസനത്തിലും നടത്തിപ്പിലുമടക്കം ഗവൺമെന്റിനു ലഭിക്കുന്നുണ്ടുതാനും.

പ്രവാസികൾ സ്വന്തം ചെലവിൽ ക്വാറന്റീനിൽ കഴിയണമെന്ന അറിയിപ്പ് പ്രതിപക്ഷത്തിന്റെയും പ്രവാസി സംഘടനകളുടെയും പ്രതിഷേധത്തിന് ഇടയാക്കിയപ്പോൾ മുഖ്യമന്ത്രി അതിൽ ഭേദഗതി വരുത്തി: പാവപ്പെട്ടവർ പണം നൽകേണ്ടതില്ല. വരുന്ന പ്രവാസികളിൽ പാവപ്പെട്ടവരെ തിരിച്ചറിയുന്നതിന് സർക്കാർ വിജ്ഞാപനമിറക്കുമെന്നും സൂചന നൽകി. എന്നാൽ കേരള ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച ഹർജികളിൽ സർക്കാർ തികച്ചും സാങ്കേതികമായ ന്യായവാദമാണ് ഉന്നയിച്ചത്. ക്വാറന്റീൻ ചാർജ് ഈടാക്കുന്നതിന് സർക്കാർ ഉത്തരവൊന്നും ഇറക്കിയിട്ടില്ല. ക്വാറന്റീനിൽ കഴിയുന്നവരിൽ നിന്ന് പണം ഈടാക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദേശിച്ചിട്ടുമുണ്ട്. ഒരു പ്രവാസിക്ക് ക്വാറന്റീൻ ചെലവ് സർക്കാർ കണക്കിൽ 14,000 രൂപ വരുമെന്നും കോടതിയെ അറിയിച്ചു.

ഇടതുമുന്നണി സർക്കാരിന്റെ നാലാം വാർഷികാഘോഷം കൊവിഡിന്റെ പശ്ചാത്തലത്തിൽ ചെലവു ചുരുക്കിയാണ് നടത്തുന്നതത്രെ. എന്നാൽ സർക്കാരിന്റെ നാലുകൊല്ലത്തെ നേട്ടങ്ങൾ വർണിക്കുന്ന രണ്ടര കോടി രൂപയുടെ ലഘുലേഖകളാണ് മൂന്ന് പ്രസുകളിലായി അടിച്ചിറക്കുന്നതെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ചൂണ്ടിക്കാട്ടുന്നുണ്ട്. മാർക്സിസ്റ്റ് പാർട്ടിയുടെ ഭവനസന്ദർശന പരിപാടിക്കായി സുഭിക്ഷം, ഭദ്രം, സുരക്ഷിതം എന്ന ലഘുലേഖയുടെ 75 ലക്ഷം കോപ്പികളാണ് സർക്കാർ ചെലവിൽ അച്ചടിക്കുന്നത്. പ്രവാസികളുടെ ക്വാറന്റീൻ ചെലവ് താങ്ങാൻ പറ്റാതെ വലയുന്ന ഗവൺമെന്റിന്റെ മുൻഗണനാവ്യഗ്രത എല്ലാം ഒറ്റയ്ക്കു ശരിയാക്കി എന്നു പ്രഘോഷിക്കുന്നതിലാണെന്ന് കാണാൻ പ്രതിപക്ഷത്തിന്റെ മഞ്ഞപ്പിത്തക്കണ്ണൊന്നും വേണ്ട.

കോവിഡാനന്തര നവകേരള നിർമിതി വിജ്ഞാനാധിഷ്ഠിത സമ്പദ്വ്യവസ്ഥയിലൂടെയാകും എന്നു പ്രവചിക്കുന്ന സംസ്ഥാന ഐടി വകുപ്പിന്റെ ചുമതല കൂടി വഹിക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ, ഇന്റർനെറ്റ് എല്ലാ പൗരന്മാരുടെയും അവകാശമാണെന്ന് അംഗീകരിച്ച് രാജ്യത്തെ ഏറ്റവും ചെലവു കുറഞ്ഞ ഇന്റർനെറ്റ് ഫൈബർ ഒപ്റ്റിക് ശൃംഖലയായ കെഫോൺ പദ്ധതി ഡിസംബറിൽ കമ്മീഷൻ ചെയ്യുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഇലക്ട്രോണിക്സിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിന് ആവശ്യമായ ഉത്തേജനം പകർന്നുനൽകിയ ദിനത്തിൽ, സംസ്ഥാനത്ത് കൊവിഡ് ലോക്ഡോണിൽ 64 ദിവസം നീണ്ട മദ്യനിരോധനത്തിന് അറുതിവരുത്തി സംസ്ഥാന ബിവറേജസ് കോർപറേഷന്റെയും കൺസ്യൂമർഫെഡിന്റെയും ഔട്ട്ലെറ്റുകൾക്കു പുറമെ ബാർ ഹോട്ടലുകളിലും ബിയർ-വൈൻ പാർലറുകളിലും പാർസലായി മദ്യവില്പന നടത്തുന്നതിന് ഉപഭോക്താക്കൾ കൊവിഡ്കാലത്തെ ശാരീരികഅകല നിബന്ധന ഉറപ്പുവരുത്തുന്നതിന് ഐടി വകുപ്പും സംസ്ഥാന സ്റ്റാർട്ടപ്പ് മിഷനും ചേർന്ന് തെരഞ്ഞെടുത്ത സ്റ്റാർട്ടപ്പ് കമ്പനിയുടെ ബവ്ക്യു ആപ്പ് വീര്യംകെട്ട് തകർന്നടിയുമ്പോൾ ഫ്രഞ്ചുകാർ ദേജാവൂ എന്നു പറയുന്ന, നമുക്ക് ഇതേ അനുഭവം മുൻപെങ്ങോ ഉണ്ടായിട്ടുണ്ടല്ലോ എന്ന തോന്നൽ വീണ്ടുമുണ്ടാകുന്നതിൽ അതിശയമില്ല. സർക്കാരിന്റെ കൊവിഡ് ഡാഷ്ബോർഡിന്റെയും ന്യൂയോർക്കിലെ സ്പ്രിൻക്ലർ സിഎക്സ്എം കമ്പനിയുമായുള്ള വിവാദ ഉടമ്പടിയുടെയും കാര്യത്തിലെന്നപോലെ ഏറെ ദുരൂഹതയും വൈരുധ്യങ്ങളും ഐടി വകുപ്പ് ഇടപാടുകളിലെ ദേജാവൂ ആവർത്തനങ്ങൾ പലതും കോവിഡാനന്തരം പ്രവാസി പുനരധിവാസത്തിന്റെ പേരിലും നാം കാണാനിരിക്കുന്നതേയുള്ളൂ.





# ശാന്തമായി നേരിടാം

ഡോ. സോളമൻ ജോസഫ്

കുട്ടിക്കാലത്ത് ടിവിയിൽ കൂടി മാത്രമാണ് ഓപ്പറേഷൻ തീയേറ്റർ (ഓറ്റി)കണ്ടിട്ടുള്ളത്. പേടിപ്പെടുത്തുന്നതും അവ്യക്തവുമായ സങ്കല്പമാണ് ഓപ്പറേഷൻ തീയേറ്ററിനെക്കുറിച്ച് അതുവരെയും എനിക്കുണ്ടായിരുന്നത്. മങ്ങിമറഞ്ഞു തുടങ്ങിയ കുട്ടിക്കാല ചിത്രങ്ങൾ ആയിരിക്കണം അതിന്റെ കാരണം. ചില സംഗതികൾ അങ്ങനെയാണ്. ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത അനേകം കാര്യങ്ങളെ വിസ്മൃതിയിൽ നാം നേരിടുന്നു. അസ്പഷ്ടങ്ങളായ എത്രയോ ദുഃസ്വപ്നങ്ങളാണ് അനുദിനം നമ്മെ അലട്ടുന്നത്. പ്രകടമാകാത്ത ഒട്ടേറെ ആശങ്കകളും ഭയങ്ങളും തമ്പുരാനെ ഏല്പിക്കാതെ ഉള്ളറകളിൽ ഭദ്രമാക്കുന്നത് മൂലം സ്വതന്ത്രരായിരിക്കാൻ നമുക്ക് സാധിക്കുന്നില്ല.

ക്ലിനിക്കൽ പോസ്റ്റിംഗ് സമയമാണ് തീയേറ്ററിന്റെ ഉള്ളിൽ ആദ്യമായി പ്രവേശിക്കുന്നത്. അത്ഭുത ലോകത്തെത്തിയ ആലീസിനെ കണക്കെ ഓറ്റിയെന്ന മായാലോകം മുഴവൻ ഞാൻ ചുറ്റിനടന്നു കണ്ടു. ശരിക്കും എത്രയോ വിസ്തൃതമാണ് അവിടം. തലങ്ങും വിലങ്ങും ചീറിപ്പായുന്ന ട്രോളികൾ. പച്ച വസ്ത്രവും മാസ്കും ധരിച്ച നായകന്മാർ പച്ചയായ ശരീരങ്ങളെ നിഷ്പ്രയാസം തുന്നിക്കെട്ടുന്നു. ജീവൻപോലും അപായപ്പെടാവുന്ന സങ്കീർണ ശസ്ത്രക്രിയകളും ചെറിയ മുറിവ് മാത്രം മതിയാകുന്ന മൈനർ ശസ്ത്രക്രിയകളും ഒരേസമയം വിവിധ ടേബിളുകളിൽ നടക്കുന്നു.

വളരെ ശാന്തമായാണ് ഓരോ രോഗിയെയും ഡോക്ടർമാരുടെ നേതൃത്വത്തിൽ അവിടെ കീറിമുറിക്കുന്നത്. എന്നാൽ ഒരു ഓറ്റി മുഴുവനും പരിഭ്രാന്തിയിലാണ്ട ഇഎന്റി പോസ്റ്റിംഗിലെ ഒരു തീയേറ്റർ ദിവസം. ശബ്ദനാളത്തിലെ ചെറിയൊരു മുഴ നീക്കം ചെയ്യുന്നതാണ് അടുത്ത കേസ്. രോഗികളെല്ലാം തീയേറ്ററിൽ രാവിലെ തന്നെ ഹാജരായിട്ടുണ്ട്. ഞങ്ങളുടെ ഇൻ ചാർജായ മാഡമാണ് ഓപ്പറേഷൻ ചെയ്യുന്നത്. പ്രസന്ന മുഖത്തോടെ മാത്രമാണ് മാഡത്തെ ഞങ്ങൾ എപ്പോഴും കണ്ടിട്ടുള്ളത്. ഗ്ലൗസും ഏപ്രണും അണിഞ്ഞ് ഡോക്ടർമാരും സിസ്റ്റർമാരും തയ്യാറെടുത്തു. പലവിധ ഉപകരണങ്ങളും മാഡത്തിന്റെ മുന്നിലുള്ള ട്രേയിൽ നിരന്നു. മൈനർ ഓപ്പറേഷനാണ്. എന്നാൽ തൊണ്ടയിലായതിനാൽ സങ്കീർണമായ പ്രശ്നങ്ങൾ നേരിടാൻ ഇടയുണ്ട്. മോണിറ്ററുകൾ ഒക്കെ ഘടിപ്പിച്ചു. IL (Indirect Laryngoscope) ഉപയോഗിച്ച് ശബ്ദനാളം കാണത്തക്കവിധം വായ് നന്നായി തുറന്നു. സ്കാൽപ്പലും റീട്രാക്ടറുമൊക്കെ രംഗത്തേക്ക് വന്നു. ആ മുഴ ചെറുതായൊന്ന് കീറിയതും മോണിറ്ററിൽ നിന്നും പുറപ്പെടുന്ന ശബ്ദത്തിന് മാറ്റം വരാൻ തുടങ്ങി. ഹൃദയമിടിപ്പുയരാനും ഓക്സിജന്റെ അളവ് കുറയാനും തുടങ്ങി. ബിപിയും താഴുന്നു. കാട്ടുതീപോലെ പരിഭ്രാന്തി കത്തിപ്പടർന്നു. നിമിഷങ്ങൾക്കകം പല ദിക്കുകളിൽ നിന്നും അനേകം നിർദ്ദേശങ്ങൾ ഉയരാൻ തുടങ്ങി. ഓരോ ആജ്ഞയും കേൾക്കുന്നപാടെ നിവർത്തിക്കാനായി നാലുപാടും മത്സരബുദ്ധിയോടെ ആളുകൾ ഓടിനടന്നു. അപ്പോഴാണ് മാഡം ഉറക്കെ വിളിച്ചു പറഞ്ഞത്, 'സാറിനോട് ഇങ്ങോട്ട് വരാൻ പറഞ്ഞേ.' സാറിനെ വിളിക്കാനായി ഞങ്ങളെല്ലാം അടുത്ത മുറിയിലേക്ക് ഓടി. പിജി ഡോക്ടർമാർ മോണിറ്ററിൽ നോക്കി പൾസും ഓക്സിജന്റെ അളവും ഉറക്കെ പറയുന്നുണ്ടായിരുന്നു. ഒരടിയന്തരാവസ്ഥയുടെ പ്രതീതി. 'ഇന്റുബേഷൻ സെറ്റ് എടുത്തേ.' മാഡം ഇന്റുബേഷനുമായി മുന്നോട്ടു പോയി. എല്ലാ ശ്രമങ്ങളും വിഫലമാകുന്ന പോലെ. ചെറിയ മാറ്റം മാത്രം. അപ്പോഴേക്കും സാർ അവിടെയെത്തി. ആ യൂണിറ്റിന്റെ ചീഫായിരുന്നു അദ്ദേഹം. ശ്വാസകോശം തുരന്ന് ട്യൂബിടാനുള്ള തീരുമാനം സാർ മുന്നോട്ടുവച്ചു. ഒടുവിൽ ആ ശ്രമം ഫലം കണ്ടു. ബിപി പതിയെ ഉയരാൻ തുടങ്ങി. അതുപോലെ മോണിറ്ററുകളിലെ അക്കങ്ങളും മെല്ലെ പൂർവ്വസ്ഥിതിയിലേക്ക് വരാൻ തുടങ്ങി. കുറച്ച് കഴിഞ്ഞപ്പോൾ തീയേറ്ററിൽ നിന്നും രോഗിയെ വാർഡിലേക്ക് മാറ്റാൻ കഴിഞ്ഞു.

വർഷങ്ങളുടെ അനുഭവസമ്പത്തും പരിചയവുമുള്ള ഗുരുഭൂതർ വിപത് സന്ധികളെ തരണം ചെയ്യാനും സമ്മർദങ്ങളെ അതിജീവിക്കാനും നമ്മെ സഹായിക്കുന്നു. അറിവും മിടുക്കുമുള്ള വ്യക്തികൾ പോലും പ്രതികൂല സാഹചര്യങ്ങളിൽ തകർന്നു പോയേക്കാം. ഭീതിയുടെ കരിനിഴൽ വീഴ്ത്തുന്ന ഇത്തരം സന്ദർഭങ്ങളിൽ ആരും പകച്ചു പോയേക്കാം. ഒരുപക്ഷേ നമ്മെ സഹായിക്കാൻ ആർക്കും കഴിഞ്ഞില്ലെന്നും വരാം. അത്തരം ഘട്ടങ്ങളിൽ ദൈവസന്നിധിയിലേക്ക് നമ്മുടെ കരങ്ങളെ ഉയർത്താൻ സാധിക്കണം. തമ്പുരാന്റെ പക്കൽ പരിഹാരമില്ലാത്ത പ്രശ്നമുണ്ടോ? വലിയ ദുരിതങ്ങൾ നമ്മെ വലയം ചെയ്യുമ്പോൾ സങ്കീർത്തകനെപ്പോലെ നമ്മുടെയും കണ്ണുകളെ പർവതങ്ങളിലേക്ക് ഉയർത്താം. സങ്കീർത്തകൻ പാടുന്ന ഈരടികൾ നമ്മുടെ അധരങ്ങളിലും ഹൃദയത്തിലും സദാസമയം ഉണ്ടായിരിക്കട്ടെ.

'പർവതങ്ങളിലേക്കു ഞാൻ കണ്ണുകൾ ഉയർത്തുന്നു; എനിക്കു സഹായം എവിടെ നിന്നു വരും?

എനിക്കു സഹായം കർത്താവിൽനിന്നു വരുന്നു; ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽ നിന്ന്.' – സങ്കീർത്തനങ്ങൾ 121 : 1–2.

ജീവനാദം
JEEVANAADAM

കൃപയിലേക്കൊരു
തിരിച്ചു വരവ് - 18


## നന്മയുടെ ചിന്ത

രക്തസാക്ഷികളെ അവരുടെ പരീക്ഷകളിൽ നിലനിർത്തിയ ധൈര്യത്തിന്റെയും ശക്തിയുടെയും അതേ ദാനങ്ങൾ തന്നെയാണ് ദൈവം നമുക്കും പ്രധാനം ചെയ്യുന്നത്. ലിബിയൻ കടൽത്തീരത്ത് ഇസ്ലാമിക് സ്റ്റേറ്റ് 21 ക്രിസ്ത്യൻ വിശ്വാസികളെ (ഒരാൾ ഘാനിയൻ, മറ്റുള്ളവർ ഈജിപ്ഷ്യൻ) ക്രൂരമായി ശിരച്ഛേദം ചെയ്യുന്ന സമയം ജീവൻ നഷ്ടപ്പെടുമെന്ന ഭയത്താൽ ക്രിസ്തുവിനെ തള്ളിപ്പറയാൻ അവർ കൂട്ടാക്കിയില്ല. നേരിയ പരിഭ്രാന്തി പോലും അവരുടെ മുഖങ്ങളിൽ ആ ഭീകരർക്ക് കാണാൻ കഴിഞ്ഞില്ല. സാഹചര്യങ്ങൾ എത്രമാത്രം ഭയാനകമായാലും ക്രിസ്തീയവിശ്വാസം കൈവിടാതിരിക്കാൻ തക്ക വിശ്വാസവും പ്രത്യാശയും അവർക്കുണ്ടായിരുന്നു. രക്തസാക്ഷികൾ അനുഭവിച്ച പീഡകളും ക്ലേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ പ്രയാസങ്ങളും വിഷമങ്ങളുമൊക്കെ എത്രയോ നിസാരമാണെന്ന് മനസിലാക്കാൻ കഴിയും. പ്രക്ഷുബ്ധമായ കടലിനുമീതെ ഈശോ നടന്നടുക്കുമ്പോൾ ശിഷ്യന്മാർ പരിഭ്രാന്തരാവുകയും ഭയം നിമിത്തം നിലവിളിക്കുകയും ചെയ്യുന്നു. 'ധൈര്യമായിരിക്കുവിൻ, ഞാനാണ്, ഭയപ്പെടേണ്ടാ.' ( മത്തായി 14 : 27 ) എന്നരുൾചെയ്തുകൊണ്ട് നാഥൻ അവരെ സമാശ്വസിപ്പിക്കുന്നു. നീതിമാന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടാതെ കർത്താവ് കാത്തുസൂക്ഷിക്കുന്നു. അവിടുത്തെ പ്രിയപ്പെട്ടവൻ ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയേയും നട്ടുച്ചയ്ക്ക് വരുന്ന വിനാശത്തെയും ഭയപ്പെടുന്നില്ല. കർത്താവിന്റെ ദൂതൻ സദാസമയവും തന്നോടൊത്തുണ്ടെന്ന ബോധ്യം അവനെ മുന്നോട്ടു നയിക്കുന്നു. അതിനാൽ ഒരു പ്രശ്നവും അവനെ അലട്ടുന്നുമില്ല.

വിശ്വാസത്തിൽ ദൃഢപ്പെടാനും... കൃപ നിറഞ്ഞൊരു ജീവിതത്തിനുമായി...



ജീവനാദം
JEEVANAADAM



# സാഹിത്യം



## രുധിരം പൊടിയുന്ന രാവുകൾ

**ദിനേശ് മനയ്ക്കലാത്ത്**

മധുരവാക്കുകളോർക്കുവാൻ വയ്യിനി
പ്രണയകാലങ്ങളെഴുതുവാൻ വയ്യിനി
സുഖദരാവുകൾ വിടപറഞ്ഞൊഴിയുന്നു
നറുനിലാവൊളിപോയ് മറഞ്ഞിടുന്നു
തരളജീവിത ദീപ്തസ്മരണകൾ
പടികടന്നെത്താൻ മടിപിടിച്ചിടുന്നു
സരളസ്വപ്നങ്ങൾ ഭയചകിതരായൊഴിയുന്നു.
ഭീതിതമേതോ ദുരന്തങ്ങളകതാരിൽ
ലോഭമില്ലാതെ പേ പിടിച്ചുറയുന്നുവോ
മനമാകയും നിത്യാന്ധകാരം പരക്കുന്നു
കത്തിജ്വലിക്കുന്ന പകലുകൾക്കൊക്കെയും
പകയുടെ വന്യത.
ചുടുകാറ്റിനു വാളിന്റെ ശീൽക്കാര ശബ്ദം
പൊഴിയുന്ന പുതുമഴതുള്ളികൾക്കൊക്കേയും
ചുടുചോരതൻ നിറം.
ഹസ്തദാനത്തിൽ പതുങ്ങിയിരിപ്പുണ്ടൊരൊറ്റിൻ
കൊലച്ചിരി
നിദ്രയ്ക്കു ഭംഗം വരുത്തുന്ന രാത്രിയ്ക്കു
പച്ച മാംസത്തിന്റെ ഗന്ധം.
ഇടതടവില്ലാതെ പാതകത്തീമഴ
ഇടറാതെ പതറാതെ മുറിയാതെ പെയ്യവേ
കുതറിപ്പുറത്തു കടക്കുന്ന രൗദ്രത
അഗ്നിപ്രളയമായ് ഒഴുകിപ്പരക്കുന്നു ചുറ്റിലും
ചാതുര്യമേറും ചിരിയുമായി കാരുണ്യമില്ലാ മുഖവുമായ്
ചതിതൻ തീരാവിഷജ്വാലയുതിരും മനവുമായ്
നിത്യസൗഹൃദങ്ങളിൽ രക്തം പുരളുവാൻ
കുടിലതയേറുമൊരൊറ്റിന്റെ കണ്ണുകൾ
പരിസരങ്ങളിലാകെയുമാരേയോ പരതിടുന്നു.
ഇരുളിടവഴി തോറും പതുങ്ങുന്നു
ദുർമരണം വിധിക്കാൻ മടിക്കാത്ത കയ്യുകൾ
അങ്കക്കലിയുടെ കോമരം തുള്ളലിൽ
ചിന്നിച്ചിതറുന്നു കണ്ണീരും കിനാവും
കീറിമുറിച്ചു വികൃതമാമേതോ മുഖങ്ങൾ
മനസിൻ കയങ്ങളിൽ ഒഴിയാതെ ഒഴുകവേ
കിനാക്കളിൽ നിറയുന്നു കുത്തിപ്പൊളിച്ച കുടലുകൾ
ചുറ്റിലും അമ്മമാർ മൃഷ്ടാന്നമായി തന്ന വറ്റുകൾ.
പൊട്ടിയൊലിക്കുന്നു ദുർമരണത്തിന്റെ വറ്റാവ്യണങ്ങൾ
കെണ്ടുപൊട്ടിയ വാക്കുകൾ ചോരയൊലിപ്പിച്ചു
പുസ്തകത്താളിൽ നീറ്റലായ് നിറയുന്നുവോ

## ചിന്തകൾ

**സ്മിത സ്റ്റാൻലി**



എന്നുമേ കൂടിയുള്ളതീ ചിന്തകൾ
നമ്മെ പിരിയാതെ ചേർന്നിതാ നിൽപ്പൂ
സ്വർഗ സമാന സ്വപ്നം പകർന്നവർ
ഭാവിയും, ഭൂതവും ഭേദമില്ലാത്തവർ
പിന്നോട്ട് പോയാലും ശങ്കിക്ക വേണ്ട
അത്രയോളം മുന്നേറുന്ന സ്നേഹിതർ
വിശ്രമം വേണ്ടും നിദ്രയിൽ പോലുമേ
സ്വപ്നങ്ങൾ നൽകി പുഞ്ചിരിക്കുന്നവർ
പച്ചയാം സത്യത്തിൻ വേരു തേടുന്നവർ
പാരിൽ പ്രകാശത്തിൻ ദീപം നിറച്ചവർ
എങ്ങു പോയാലും കൂട്ടു തരുന്നവർ
ഏകാന്തത പോലും ഭാവന തീർത്തവർ
വലിയവൻ, ചെറിയവൻ എന്നതേയില്ല
ഏവരും സ്നേഹിതർ, ഉറ്റവരുടയവർ
മൃത്യുവോളം കൂടെയുണ്ടിവർ ചാരെ
സത്യം പകൽ പോലെ മിന്നിത്തെളിച്ചവർ.

## ഒരു വാക്കു മതി

**ഫാബിയൻ ആന്റണി**



സക്രാരിയിൽ വാഴും സ്നേഹസ്വരൂപാ,
നിൻ മുന്നിൽ അണയുന്നു ഞാനിന്നിതാ,
എന്റെ ഉണർവിലും ഉറക്കത്തിലും,
എന്നെ പാലിക്കുന്ന ഈശോ നാഥാ,

എൻ കൈകളിൽ കൊച്ചു സ്വപ്നങ്ങളും,
എൻ നിശ്വാസത്തിൽ നൊമ്പരങ്ങളും,
എല്ലാം അറിയുന്ന, എന്നെ അറിയുന്ന,
നിൻ മുന്നിൽ അർപ്പിക്കാൻ നില്കുന്നു ഞാൻ.

എൻ വീഥിയിൽ മുന്നിൽ വഴിവിളക്കായി,
എൻ അരികിൽ എന്നും പ്രിയ സുഹൃത്തായി,
എനിക്കായി മുറിവേറ്റ നിൻ കൈകളിൽ,
എൻ കൈകൾ നൽകുന്നു നയിച്ചീടുവാൻ,

അൾത്താരയിൽ കാഴ്ചവസ്തുക്കൾക്കൊപ്പം,
എൻ സർവ്വവും ഞാൻ അർപ്പിക്കുന്നിതാ,
ഇന്നീ നിമിഷം വരെ എന്നെ സ്നേഹിക്കും,
സർവ്വേശ്വരാ എന്നെ അനുഗ്രഹിക്കൂ.

ഇന്നു ഞാൻ തിരികെ പോയിടുമ്പോൾ,
എൻ കാതുകൾ കേൾക്കുന്നു നിൻ വാക്കുകൾ,
‘നിൻ കണ്ണുനീരിലും, നിൻ പുഞ്ചിരിയിലും,
നിൻ അരികിൽ ഞാൻ എന്നും ഉണ്ടായിരുന്നു’

‘അലയടിക്കുന്നൊരീ ജീവിത കടലിൻ
തീരത്തു നിന്ന് നീ കണ്ണീർ പൊഴിക്കെ,
എൻ വാക്കൊന്നു മതിയെല്ലാം ശാന്തമാവാൻ,
അത്രമേൽ നിന്നെ ഞാൻ സ്നേഹിച്ചിടുന്നു!’

ജീവനാദം
JEEVANAADAM

# ജ്യോതികുമാരി പറയുന്നു യാഥാർഥ്യത്തിന്റെ രാഷ്ട്രീയം

ഡോ. ഗാസ്പർ സന്ന്യാസി

കഴിഞ്ഞയാഴ്ചയിൽ ചെറുകുറിപ്പുകളുടെ ഈ പംക്തിയിൽ എഴുതിയതിന്റ തലക്കെട്ട് ഇവർ വിധിക്കു കീഴടങ്ങുമോ എന്നതായിരുന്നു. ഇല്ലായെന്ന് തറപ്പിച്ച് പറയാനാകില്ലെങ്കിലും പ്രതീക്ഷയേകുന്ന ചെറുത്തുനില്പിന്റെയും കരുത്തിന്റയും ചില പ്രതീകങ്ങൾ നാട്ടിൽ ശ്രദ്ധ നേടുന്നുണ്ട്. രാജ്യത്ത് കൊറോണ രോഗത്തിന്റെ വ്യാപ്തി കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇനിയും അടച്ചിരിക്കാൻ സാധ്യമല്ലാത്തവണ്ണം മനുഷ്യജീവിതം ദുസഹമാകുമ്പോൾ തൊഴിലിടങ്ങൾ സജീവമാകേണ്ടത് അനിവാര്യമാകുമ്പോൾ ജാഗ്രതയോടെ മനുഷ്യർ പുറത്തിറങ്ങിത്തുടങ്ങുകയാണ്.

ജനാധിപത്യത്തിന് പൗരസമൂഹം കൊടുക്കേണ്ടിവരുന്ന വിലകളിലൊന്ന് മനുഷ്യസ്വാതന്ത്ര്യത്തെ നിയന്ത്രിക്കാൻ പെടുന്ന പെടാപ്പാടാണല്ലോ. എന്തിനെയും വെല്ലുവിളിക്കാൻ ചാടിപ്പുറപ്പെടുന്നവർ അവരവർക്കും സമൂഹത്തിനും നല്കുന്ന വിപത്സന്ദേശം നിലനിൽക്കുമ്പോൾ തന്നെ ജാഗ്രതയോടെയുള്ള സമീപനത്തിന് നാട്ടിൽ മേൽക്കൈ നേടാനാകുന്നുണ്ടെന്ന് ആശ്വാസകരമാണ്.

രാജ്യത്തിന്റെ നാനാഭാഗങ്ങളിലായി ചിതറിപോയ തൊഴിലന്വേഷകരായെത്തിയ മനുഷ്യരുടെ കാര്യം ഇപ്പോഴും എങ്ങനെയാണ് ഭരണകൂടത്തിന്റെ മുഖ്യപരിഗണനയിലേക്ക് വരാത്തതെന്നതിനെപ്പറ്റി അറിയാൻ മാധ്യമങ്ങളിൽ നടക്കുന്ന ചർച്ചകൾ ശ്രദ്ധിച്ചാൽ മതിയാകും. ചിതറിപോയവരുടയും കുരുങ്ങിപോയവരുടെയും ജീവനല്ല ഇപ്പോഴത്തെ പ്രധാനചർച്ചാവിഷയം. ഇവരൊക്ക എങ്ങനെയാണ് തൊഴിലന്വേഷകരായി അലഞ്ഞുതിരിയേണ്ടി വന്നത് എന്ന ചരിത്രസാഹചര്യമാണ് ചർച്ചാവിഷയം.

നിലവിലെ കേന്ദ്രഭരണം തുങ്ങുന്നതുവരെ രാജ്യത്തിന്റെ മൊത്തം സാമ്പത്തിക അവസ്ഥ അവതാളത്തിലായിരുന്നുവെന്നതാണ് ചർച്ചകളുടയെല്ലാം സാരാംശം. രാജ്യത്തിന്റെ രക്ഷയ്ക്കായി മോദി സർക്കാർ അവതാരമെടുക്കുന്നതുവരെ ഇവിടെ ഭരിച്ചുമുടിച്ചവർ തൊഴിലില്ലായ്മ വരുത്തിവച്ചു എന്നു തുടങ്ങുന്ന പുതിയ പാഠനിർമിതിയാണ് ചർച്ചയുടെ അടിസ്ഥാനധർമം. ശ്രീബുദ്ധൻ ജനിച്ച ഈ നാട്ടിലെ ഇത്തരം ചർച്ചകൾക്ക് വളരെയേറെ വർഷങ്ങൾ പിന്നോട്ടുപോകുന്ന ഘടനാപരമായ പരാമ്പര്യമുണ്ട്. അമ്പേറ്റ് നിലത്തുവീണു കിടക്കുന്ന അരയന്നത്തിന്റെ മാറ് പിളർന്ന അസ്ത്രം എവിടെ നിന്നുവന്നു, ആരാണ് അയച്ചത്, എന്തിനാണ് അയച്ചത്, അസ്ത്രം നിർമിച്ചിരിക്കുന്ന ലോഹം ഏതാണ് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തുവരുമ്പോഴേക്ക് അരയന്നം ഇഹലോകവാസം വെടിഞ്ഞിട്ടുണ്ടാകുമെന്നു പറയുന്ന ബുദ്ധന്റെ കഥ പ്രസിദ്ധമാണ്. അതുകൊണ്ട് നമുക്കിപ്പോൾ ഇനിയും അവശേഷിക്കുന്ന ജീവനെക്കുറിച്ചു പറയാമെന്നും അത് നിലനിർത്താനുള്ള വഴികൾ ആരായാമെന്നും പറഞ്ഞുകൊണ്ടാണ് ബുദ്ധകഥ അവസാനിക്കുന്നത്.

വെളിച്ചം കിട്ടിയ ശിഷ്യർ പിന്നെ എന്തുചെയ്തു എന്നു നമുക്കറിയില്ല. പക്ഷേ, പുതിയ കാലത്ത് ചിലരെങ്കിലും കിട്ടിയ വെളിച്ചം തങ്ങൾക്കനുകൂലമാക്കാനുള്ള തത്രപ്പാടിലാണ്. വെടക്കാക്കി തനിക്കാക്കുന്ന പഴയ തന്ത്രത്തിന്റെ പുത്തൻപുതിയ ഡിജിറ്റൽ പതിപ്പ്. ഇത് പയറ്റുന്നത് ഏതെങ്കിലും ഒരു പാർട്ടിയോ പാർട്ടിക്കാരോ മാത്രമല്ല. വെള്ളം കലങ്ങിയാൽ പിന്നെ ആർക്കും ഇറങ്ങി മീൻപിടിക്കാമല്ലോ എന്നതാണ് അവസ്ഥ.

യുപിയിൽ നിന്ന് തൊഴിലാളികളെ കയറ്റിവിടാൻ കോൺഗ്രസ് നേതാവ് പ്രിയങ്കാഗാന്ധി കൊടുത്ത ഓഫർ ആയിരം ബസുകളുടേതായിരുന്നു. കൊറോണക്കാലത്ത് എല്ലാവരും സഹകരിക്കണമെന്ന ഗീർവാണം നാട്ടിൽ പ്രചാരത്തിലുള്ളതുകൊണ്ട് യോഗിയും മറ്റുള്ളവരും കയ്യടിച്ചു സമ്മതിച്ചു. പിന്നെയാണ് കളി തുടങ്ങുന്നത്. ബസില്ലസ ഓട്ടോറിക്ഷയാണ് തന്നതെന്നായി വ്യാഖ്യാനം. യുപിയിലെ കോൺഗ്രസിന്റെ പടലപിണക്കങ്ങളും പുറത്തുവന്നു. പൂഴിക്കടകൻ തിരിഞ്ഞും മറിഞ്ഞും കഴിഞ്ഞപ്പോൾ രംഗത്ത് അവശേഷിച്ചത് നാട്ടിൽ പോകാൻ ഒരുങ്ങിയെത്തിയ നിസഹായരായ മനുഷ്യർ മാത്രം. മാധ്യമങ്ങൾ സംഭവത്തെ ആഘോഷമാക്കിയത് മധ്യവർഗ പൗരസമൂഹം നന്നായി ആസ്വദിക്കുകയും ചെയ്തു.

പോളണ്ടിനെപ്പറ്റി ഒറ്റയക്ഷരംപോലും മിണ്ടരുതെന്ന ശ്രീനിവാസ കഥാപാത്രം പോലെ യുപിയെപ്പറ്റി ഇനി കോൺഗ്രസ് മിണ്ടരുതെന്നാണ് ബിജെപിയുടെ രാഷ്ട്രീയവാക്യം തന്നെ. നെഹ്റുകുടുംബത്തിന്റെ വീക്നസായ യുപിയെ തങ്ങളുടേതാക്കി കോൺഗ്രസിന്റെ നട്ടെല്ലൊടിക്കാനുള്ള രാഷ്ട്രീയശ്രമത്തിന്റെ ഏറ്റവും ഒടുവില ത്തെ അധ്യായമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ചലച്ചിത്ര-സീരിയൽ താരമായ മന്ത്രിയെക്കൊണ്ട് അമേഠി പിടിച്ചെടുത്ത് രാഹുലിനെ തെക്ക് വയനാടൻ ദേശത്തേക്ക് പറപ്പിച്ചിട്ടും കലിയടങ്ങാതെ വയനാട്ടിലെത്തി യുപിക്കാർക്ക് ദുരിതാശ്വാസം വരെ നൽകിനിൽക്കുകയാണ്. അമേഠിയുടെ ഏറ്റവും പുതിയ ചേച്ചിയെന്നാണ് നവമാധ്യമങ്ങളിലെ പാണന്മാർ പാടി അറിയിക്കുന്നത്. കോൺഗ്രസും വെറുതെയിരിക്കുന്നില്ല. തങ്ങൾക്ക് ഭരണമുള്ള ദേശത്ത് സ്വാധീനം ചെലുത്തി ജനസമ്മതി നേടാനുള്ള ശ്രമത്തിന്റെ പല പല ഭാഗങ്ങളിലൊന്നായിട്ടാണ് ഇതരസംസ്ഥാനത്തെ തൊഴിലാളികളുടെ റെയിൽവേ ടിക്കറ്റിന്റെയും







ബസ് ടിക്കറ്റിന്റെയും കാശുമായി കേരളത്തിലെ ജില്ലാ ഭരണകൂടങ്ങളെ നേതാക്കൾ നേരിട്ട് സമീപിച്ചത്. കാര്യങ്ങൾ മുൻകൂട്ടി കണ്ട് പിണറായി വിജയൻ സർക്കാർ അതിന് ചെക്ക് പറഞ്ഞ്, ചെക്ക് തിരികെ നൽകിയതും കൊറോണക്കാലത്തിന്റെ മീൻപിടുത്ത കളികലിലൊന്നാണ്. ഡൽഹിയിലുണ്ടായിരുന്ന കാബിനറ്റ് പദവിയുള്ളതും ദിവ്യദൃഷ്ടിയില്ലാത്തതുമായ സത്വത്തിന്റെ സമ്പത്തിന്റെ സാന്നിധ്യം ഇപ്പോൾ നാട്ടിലാണെങ്കിലും ഡൽഹിയിലെ കേരളദേശവാസികളുടെ കാര്യത്തിൽ കോൺഗ്രസ് ഒരു ചുക്കും ചെയ്യേണ്ട എന്ന നിലപാടും കലക്കവെള്ളത്തിൽ മീൻപിടുത്തപണി തന്നെ.

> സാധാരണ നെഹ്റുകുടുംബത്തിന്റെ വീക്നസായ യുപിയെ തങ്ങളുടേതാക്കി കോൺഗ്രസിന്റെ നട്ടെല്ലൊടിക്കാനുള്ള രാഷ്ട്രീയശ്രമത്തിന്റെ ഏറ്റവും ഒടുവിലത്തെ അധ്യായമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ഈ രാഷ്ട്രീയകലക്കവും മലക്കംമറിച്ചിലുകളും നടന്നുകൊണ്ടിരിക്കേ തന്നേ അതിജീവിക്കാനുള്ള ആഗ്രഹവുമായി മനുഷ്യർ മുന്നേറുകതന്നെയാണ്. രാഷ്ട്രീയ പൊടിക്കൈകൾക്ക് വഴങ്ങാത്ത ഇച്ഛാശക്തിയുടെ ഏറ്റവും പുതിയ മുഖം ജ്യോതികുമാരിയുടേതാണ്. ഗുരുഗ്രാമിൽ നിന്ന് ബീഹാറിലേക്ക് 1200 കിലോമീറ്റർ സൈക്കിൾ ചവിട്ടി, മുറിവേറ്റ തന്റെ പിതാവുമായി ഈ പെൺകുട്ടി നടത്തിയ യാത്ര അദ്ഭുതപ്പെടുത്തുന്നതാണ്. വാഴ്ത്തലുകളും പുകഴ്ത്തലുകളും കഴിഞ്ഞ് ജീവിത യാഥാർഥ്യം തിരിച്ചറിയുന്ന ആരെങ്കിലും നാട്ടിൽ ഉണ്ടെങ്കിൽ അവൾ പറഞ്ഞ സത്യങ്ങൾ അവരിലൂടെ പുതിയ രാഷ്ട്രീയമായി വളരട്ടെ.

നിലച്ചുപോയ തന്റെ വിദ്യാഭ്യാസത്തെപ്പറ്റിയാണ് അവൾ പറഞ്ഞത്. എല്ലാം കലങ്ങിതെളിയുമ്പോൾ നമ്മൾ യാഥാർഥ്യങ്ങ ളെ അഭിമുഖീകരിക്കുക തന്നെ വേണം.

ജീവനാദം
JEEVANAADAM

കാഴ്ച

# കൊറോണ കാലത്തെ അസാധാരണ പ്രണയകഥ



ജീവിതം നമ്മെ പലതും പഠിപ്പിച്ച കാലമാണ് കൊറോണയുടേത്. ലക്ഷങ്ങൾ പൊടിച്ച് നടത്തേണ്ടിയിരുന്ന വിവാഹാഘോഷങ്ങൾ വിരലിലെണ്ണാവുന്നവരിലേക്കൊതുങ്ങി. മരണത്തിനും അടിയന്തരത്തിനും പോലും ആൾക്കൂട്ടമില്ലാതിരുന്ന കാലം.

വിവാഹസത്കാരങ്ങൾക്ക് മാറ്റി വച്ച തുക കൊവിഡ് ദുരിതാശ്വാസത്തിന് നൽകിയും പലരും മാതൃകയായി. എന്നാൽ ഇതിൽ നിന്നെല്ലാം യുപിയിലെ കാൺപൂരിൽ നിന്നുള്ള ഒരുഡ്രൈവർ വ്യത്യസ്തനാകുന്നത്. അദ്ദേഹത്തിന്റെ വലിയ മനസ് കൊണ്ടാണ്. പണവും കുടുംബസ്ഥിതിയും വിദ്യാഭ്യാസവുമെല്ലാം നോക്കി വിവാഹം കഴിക്കുന്നവർക്കിടയിൽ നിന്നും വഴി മാറി ചിന്തിക്കുകയാണ് ഇദ്ദേഹം. ലോക്ഡൗൺ കാലത്ത് സർവതും നഷ്ടപ്പെട്ട് ഒടുവിൽ ഭിക്ഷാടനത്തിന് ഇറങ്ങിയ ഒരു യുവതിക്ക് ജീവിതം നൽകിയിരിക്കുകയാണ് അനിൽ.

> അനിൽ വിതരണം ചെയ്യുന്ന ഭക്ഷണമായിരുന്നു പിന്നീട് ഇവരുടെ വിശപ്പകറ്റിയത്. നിരന്തരമുള്ള കണ്ടുമുട്ടലുകൾ ആദ്യം സൗഹൃദത്തിനും പിന്നീട് പ്രണയത്തിലേക്കും വഴി മാറുകയായിരുന്നു.

തന്റെ മുതലാളിയുടെ നിർദ്ദേശ പ്രകാരം തെരുവിൽ ഭക്ഷണവിതരണം നടത്തുമ്പോഴാണ് കാൺപൂരിലെ കക്കഡ്ഡോ പ്രദേശത്തെ ഫുട്പാത്തിലിരുന്ന് യാചിക്കുന്ന നീലം എന്ന യുവതിയെ അനിൽ ആദ്യമായി കാണുന്നത്. പിന്നീട് പല തവണ അവളെ കണ്ടുമുട്ടിയ അനിൽ നീലത്തോട് കുടുംബത്തെക്കുറിച്ച് ചോദിച്ചറിയുകയായിരുന്നു. നീലത്തിന്റെ പിതാവ് നേരത്തെ മരിച്ചിരുന്നു. അമ്മ കിടപ്പിലുമായി. സഹോദരനും ഭാര്യയും നിരന്തരം ഉപദ്രവിക്കുകയും അമ്മയെയും നീലത്തെയും വീടിനു പുറത്താക്കുകയും ചെയ്തു. അങ്ങനെയാണ് ഭിക്ഷാടനത്തിന് ഇറങ്ങിയത്.

ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ ആളുകൾ പുറത്തിറങ്ങാതായതോടെ നീലത്തിന്റെയും അമ്മയുടെയും ജീവിതം കൂടുതൽ കഷ്ടത്തിലായി. അനിൽ വിതരണം ചെയ്യുന്ന ഭക്ഷണമായിരുന്നു പിന്നീട് ഇവരുടെ വിശപ്പകറ്റിയത്. നിരന്തരമുള്ള കണ്ടുമുട്ടലുകൾ ആദ്യം സൗഹൃദത്തിനും പിന്നീട് പ്രണയത്തിലേക്കും വഴി മാറുകയായിരുന്നു. ഒരു ദിവസം അനിൽ നീലത്തോട് വിവാഹാഭ്യർത്ഥന നടത്തി. തുടർന്ന് അവർ വിവാഹിതരാവുകയുമായിരുന്നു. ഒരു ബുദ്ധ ആശ്രമത്തിൽ സാമൂഹ്യഅകലം പാലിച്ചുകൊണ്ടായിരുന്നു വിവാഹം.

# സിനിമയെ പോലും വെറുതെ വിടാതെ

സിനിമാരംഗം വലിയ പ്രതിസന്ധിയിൽ നിൽക്കുന്ന സമയത്താണ് ടൊവിനോ തോമസ് നായകനാകുന്ന ബജറ്റ് ചിത്രം 'മിന്നൽ മുരളിയുടെ' സെറ്റ് വർഗീയത വളർത്താൻ ലക്ഷ്യംവച്ച് ഒരു കൂട്ടർ നശിപ്പിച്ചത്.. ആലുവ കാലടി മണപ്പുറത്ത് സജ്ജമാക്കിയ കൂറ്റൻ സെറ്റാണ് ഇവർ തകർത്തത്. ക്ഷേത്രത്തിന് സമീപം ക്രിസ്ത്യൻ പള്ളിയുടെ സെറ്റ് ഇട്ടെന്നതാണ് ഈ അതിക്രമം നടത്തിയതിനുള്ള ന്യായമായി പറഞ്ഞത്. സെറ്റ് വലിയ ചുറ്റികകൾ കൊണ്ട് അടിച്ചുതകർക്കുന്ന ചിത്രങ്ങൾ സഹിതം ആക്രമണം നടത്തിയ വിവരം ഇവർ തന്നെ ഫേസ്ബുക്കിലൂടെ അറിയിക്കുകയായിരുന്നു. കൊറോണ വ്യാപനം തടയാനുള്ള ലോക്ഡൗൺ കാലത്താണ് ഹിന്ദുത്വ തീവ്രവാദ സംഘടനയുടെ അക്രമം.

സിനിമാമേഖല ഒന്നടങ്കം ഇത്തരമൊരു അക്രമണത്തിനെതിരെ വിമർശനവുമായി രംഗത്ത് എത്തി. കുറ്റവാളികളെ അറസ്റ്റ് ചെയ്ത് സർക്കാരും വർഗീയവിളയാട്ടം കേരളത്തിന്റെ മണ്ണിൽ അനുവദിക്കില്ലെന്ന് വ്യക്തമാക്കി. കൊറോണ തീർത്ത ലോക്ക്ഡൗൺ കാരണം തന്നെ ദുർഘടമായ പ്രതിസന്ധിയിലൂടെയാണ് സിനിമ മേഖല തന്നെ കടന്നുപൊക്കോണ്ടിരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ ചിത്രത്തിന്റെ നിർമാതാവ് എന്ന നിലയിൽ സോഫിയ



പോളിന് സാമ്പത്തികമായി വലിയ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. ഏകദേശം 50 ലക്ഷത്തോളം രൂപയാണ് ഈയൊരു സെറ്റിനു വേണ്ടി മാത്രം ചെലവായത്.

മിന്നൽ മുരളിയുടെ സൈറ്റിന്റെ പണി പുരോഗമിച്ചുകൊണ്ടിരുന്നപ്പോൾ എതിർപ്പുമായിട്ട് ആരും വന്നിരുന്നില്ലെന്ന് സോഫിയ പോൾ പറയുന്നു. അങ്ങനെയൊരു ലൊക്കേഷൻ നമുക്ക് കിട്ടയപ്പോൾ അവിടെ അമ്പലമുണ്ട്. അമ്പല കമ്മിറ്റിയുടെ ആളുകളോട് ഞങ്ങൾ സംസാരിച്ചിരുന്നു. അവരുടെ അപ്രൂവൽ കിട്ടിയതിന് ശേഷമാണ് അവിടെ പണി തുടങ്ങിയത്. അവർക്കുള്ള പേയ്മെന്റ് കൊടുത്തിരുന്നു. പണിതുടങ്ങിയതിനു ശേഷമാണ് പഞ്ചായത്തിൽ നിന്നും പറയുന്നത് പഞ്ചായത്തിന്റെയും പെർമിഷൻ എടുക്കണമെന്ന്. ഞങ്ങളുടെ പ്രൊഡക്ഷൻ കൺട്രോളർ പഞ്ചായത്തിനെ സമീപിച്ചപ്പോൾ അവര് പറഞ്ഞത് സെറ്റിന്റെ പണി ആരംഭിച്ചോളാനാണ്. പണി തുടങ്ങിയതിനു ശേഷം എത്ര ദിവസത്തെ ഷൂട്ട് ഉണ്ടോ അവര് അതിനുള്ള തുക എടുക്കാമെന്നാണ് പറഞ്ഞത്. അതിനു ശേഷം സെറ്റിന്റെ പണിനടക്കുമ്പോൾ ഇറിഗേഷനിൽ നിന്നും വിളിച്ചിട്ട് പറഞ്ഞത് ഇത് അവരുടെയും സ്ഥലമാണെന്നാണ്. അങ്ങനെ ഇറിഗേഷന്റെ ഓഫിസിലും പോയി അനുവാദം വാങ്ങി. പണി നടന്നോട്ടേ അതിനിടയിൽ അവർ ഇൻസ്പെക്ഷന് സെറ്റിലേക്ക് വന്നോളാം എന്നാണ് പറഞ്ഞത്.

പക്ഷെ ഈ കൊറോണേടെ സാഹചര്യം വന്നതോട് കൂടി അവർക്ക് ഇൻസ്പെക്ഷന് വരാൻ സാധിച്ചില്ല. അതുകൊണ്ട് തന്നെ സെറ്റ് വർക്ക് ഇനിയും കുറച്ച് തീരാനുണ്ട്. നിലവിൽ അമ്പലത്തിന്റെ അപ്രൂവൽ ആണ് നമ്മളുടെ കയ്യിൽ ഉള്ളത്. അതും വെച്ചുകൊണ്ടാണ് നമ്മളുടെ സെറ്റിന്റെ പണി ഇത്രയും പുരോഗമിച്ചത്. ലോക്ഡൗൺ കാരണം പണികൾ നിർത്തി വെക്കുകയായിരുന്നു. ഇങ്ങനെയൊരു സാഹചര്യത്തിൽ ഇരിക്കുമ്പോഴാണ് ഇങ്ങനെയൊക്കെ കാട്ടിക്കൂട്ടിയത്-സോഫിയ പറയുന്നു.



# ഞാനെന്റെ മകളെ വിൽക്കുന്നില്ല

## മാല പാർവതി

ഭർത്താവ് പാമ്പിനെ കൊണ്ട് കൊത്തിച്ചു കൊന്ന ആ പെൺകുട്ടി. ഉത്രയുടെ അച്ഛനെ ചാനലുകൾ വിസ്തരിക്കുന്നത് കണ്ടു. സോഷ്യൽ മീഡിയയും അപഗ്രഥിക്കുന്നു.

ഉത്തരം പറയാൻ ആ അച്ഛൻ കഷ്ടപ്പെടുന്നതും കണ്ടു. അത് ഒരച്ഛന്റേയോ അമ്മയുടെയോ മാത്രം വേദനയല്ല. പെൺമക്കളെ വിവാഹം എന്ന കമ്പോളത്തിലേക്ക് ഇറക്കിവിടാൻ നിർബന്ധിതരായ എല്ലാ രക്ഷിതാക്കളുടെയും വേദനയാണ്.

ഓരോ തവണ ഭർത്താവിന്റെ വീട്ടിൽ നിന്നും പീഢനങ്ങൾ സഹിക്കവയ്യാതെ സ്വന്തം വീട്ടിലേക്ക് തിരിച്ചു വരുമ്പോഴും എന്തു വില കൊടുത്തും അവളെ ഭർതൃവീട്ടിലേക്ക് തിരിച്ചയക്കലാണ് നമ്മുടെ രീതി. അതവളുടെ സ്വാതന്ത്ര്യത്തെയും അഭിമാനത്തെയും അടിമത്തത്തിലേക്ക് തിരിച്ചയ്ക്കലാണ്. ഉത്ര അതിന്റെ അവസാനത്തെ രക്തസാക്ഷി മാത്രം. പേരില്ലാത്ത അസംഖ്യം സ്ഥലനാമങ്ങളായും നിർഭയയായും നാം മണ്ണിട്ട് മൂടുന്ന നമ്മുടെ തന്നെ പെൺമക്കൾ. പെണ്ണായതിന്റെ പേരിൽ ഗർഭത്തിലേ തന്നെയും പിറന്ന ഉടനെയും നാം ഇരുട്ടും നെല്ലും നിറച്ച് ശ്വാസം മുട്ടിച്ചു കൊല്ലുന്നവർ.

എനിക്കും ഉണ്ട് വിവാഹപ്രായമെത്തിയ ഒരു പെൺകുട്ടി. ജാതിയും മതവും ജാതകവും സ്ത്രീധനവും നിർണ്ണയിക്കുന്ന വിവാഹക്കമ്പോളത്തിൽ ഒരു ചരക്കായി വിൽക്കാനില്ലെന്ന് തീരുമാനിച്ചതിന്റെ സമ്മർദ്ദം ഓരോ ദിവസവും ഞാനും അഭിമുഖീകരിക്കുന്നുണ്ട്. ജാതിയും ജാതകവും ഇല്ലാതെ എന്ത് കല്യാണം എന്ന് ആ കമ്പോളത്തിൽ നിറഞ്ഞാടുന്ന മാട്രിമോണി സൈറ്റുകളിലേക്കും പത്രങ്ങളിലെ വിവാഹപരസ്യങ്ങളിലേക്കും ഒന്ന് കണ്ണോടിച്ചാൽ മാത്രം മതി. പ്രണയത്തെ പോലും എത്രമാത്രം മതവും ജാതിയും ജാതകവും വിഴുങ്ങിക്കഴിഞ്ഞു എന്ന് നമ്മുടെ കാമ്പസുകളിലെ പ്രണയങ്ങളും നമ്മുടെ സിനിമകളും നമ്മുടെ പൊതു ഇടങ്ങളും തെളിവു നൽകും.

നവോത്ഥാനം പണയംവച്ച് ഈ ലോകം വാങ്ങി വച്ചത് കൊറോണയേക്കാൾ വലിയ സാംസ്കാരിക വൈറസുകളെയായിരുന്നു എന്ന് പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്.

നാം നമ്മുടെ പരാജയത്തിന്റെ വിലയാണ് കൊടുക്കുന്നത്.

*ഖേദപൂർവ്വം*

*ഒരമ്മ*

ജീവനാദം
JEEVANAADAM

## ഹൃദയ വികാരവിചാരങ്ങളുടെ ആഴം തീര്‍ത്ത കവി



*ഒരു കൊച്ചു ദു:ഖം എന്ന പേരില്‍ ഒഎന്‍വിയുടെ ഒരു പഴയ കവിതയുണ്ട്.*

*'താര്‍മഷിയിട്ട നിരത്തിലൂടെ, ഇണ*
*വേര്‍പെട്ടുരുണ്ടു പോം പാത്രവും മൂടിയും*
*പിന്നാലെ ചെന്നെടുത്താരോ തിരികെയാ*
*കുഞ്ഞിക്കരങ്ങളിലേല്‍പ്പിച്ചു പോരവേ*
*കുട്ടിതന്‍ കണ്ണു നിറഞ്ഞുപോയ് ഉച്ചയ്ക്കു*
*പട്ടിണിയാകുമെന്നോര്‍ത്തല്ല തന്‍*
*ചോറ്റുപാത്രത്തില്‍ നിന്നൂര്‍ന്നു വീണതു*
*നാലഞ്ചുകപ്പക്കഷണമാണാളുകള്‍ കണ്ടുപോയ്.'*

ഒരു കാലത്തെ മലയാളക്കരയുടെ സാമൂഹ്യഅവസ്ഥയ്ക്കൊപ്പം തന്നെ സെന്‍സേഷണലിസത്തിന്റെ അപകടച്ചുഴികളെക്കുറിച്ചും കൃത്യമായി പ്രതിപാദിക്കുന്നതായിരുന്നു ഈ വരികള്‍. സിനിമാ പാട്ടുകളിലാണെങ്കില്‍ ചില്ലിലെ ഒരു വട്ടം കൂടിയെന്നോര്‍മകള്‍ മേയുന്ന തിരുമുറ്റത്തെത്തുവാന്‍ മോഹം എന്ന വരികള്‍ മാത്രം മതി ഒരു ശരാശരി മലയാളിയ്ക്ക് തന്റെ ഗതകാലസ്മരണകളിലേക്ക് ആവേശപൂര്‍വം നടന്നു ചെല്ലാന്‍. ഒഎന്‍വി എന്ന കവി മലയാളിയെ എത്രത്തോളം സ്വാധീനിക്കുന്നെന്നറിയാന്‍ ഈ വരികള്‍ ഒരു തവണ കേട്ടാല്‍ മാത്രം മതി.

മലയാളത്തിന്റെ പ്രിയകവി ഒ എന്‍ വി കുറുപ്പിന്റെ തൊണ്ണൂറാം ജന്മദിനമായിരുന്നു മേയ് 27. മലയാള ഗാനരംഗത്തും കവിതയിലും ഒഎന്‍വി എന്ന പേര് മഹാമേരു പോലെ തലയുയര്‍ത്തി നില്‍ക്കുന്നു. ഒഎന്‍വിയുടെ ഒരു വരിയെങ്കിലും റേഡിയോയിലൂടെയോ ടിവിയിലൂടെയോ പുതുതലമുറയുടെ സൈബര്‍ ഇടങ്ങളിലൂടെയോ കേള്‍ക്കാത്ത ഒരു ദിനം എന്നത് മലയാളിയ്ക്ക് അപൂര്‍വമായിരിക്കും. അത്രമേല്‍ ഒഎന്‍വി മലയാളിയുടെ കലാഹൃദയത്തെ സ്വാധീനിച്ചിട്ടുണ്ട്.




# 'കഥ ഇതുവരെ' അനുഭവങ്ങളുടെ ആഴം നിറഞ്ഞ ആഖ്യാനം

ഇ.വാസു

ജൂനിയര്‍ എഞ്ചിനീയറായി ഗവണ്‍മെന്റ് സര്‍വ്വീസില്‍ പ്രവേശിച്ച് പിന്നീട് സിവില്‍ സര്‍വ്വീസ് നേടി ചീഫ് സെക്രട്ടറി യുടെ പദവിയില്‍വരെ എത്തിയ ഡി.ബാബുപോളിന്റെ സംഭവബഹുലമായ ഔദ്യോഗികജീവിതത്തിന്റെ സ്മരണകളാണ് കഥ ഇതുവരെ. ഇടുക്കി പദ്ധതിപ്രദേശത്തെ ഗിരിപര്‍വ്വവും വല്ലാര്‍പാടം പദ്ധതിക്ക് ഹരിശ്രീ കുറിച്ച് കൊച്ചിന്‍പോര്‍ട്ട് ട്രസ്റ്റിലെ ചെയര്‍മാന്‍ പര്‍വ്വവും വാസ്തുവിദ്യാഗുരുകുലത്തിനും എഴുത്തച്ഛന്‍ പുരസ്കാരത്തിനും തുടക്കമായ സാംസ്കാരിക വകുപ്പിലെ സെക്രട്ടറി പര്‍വ്വവും വിവിധ ജില്ലകളിലെ ഭരണപര്‍വ്വങ്ങളുമടങ്ങുന്ന ഉജ്ജ്വലമായ ഉദ്യോഗപര്‍വ്വത്തിന്റെ വാങ്മയ ചിത്രം. 1962 മുതല്‍ 201 വരെയുള്ള കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക ചരിത്രത്തിന്റെ പരിപ്രേക്ഷ്യം ഈ ഓര്‍മ്മക്കുറിപ്പുകളില്‍ തെളിയുന്നു. പ്രശസ്തരും അപ്രശസ്തരുമായ നിരവധി വ്യക്തികളും സംഭവങ്ങളും അണിനിരക്കുന്ന മലയാളത്തിലെ ഏറ്റവും മികച്ച സര്‍വ്വീസ് സ്റ്റോറിയാണ് കഥ ഇതുവരെ.

'പ്രധാനപ്പെട്ട ചില സംഭവങ്ങളെ പരാമര്‍ശിക്കുമ്പോള്‍ അതില്‍ താനും പങ്കാളിയാണെന്ന് സര്‍ക്കാര്‍ ഉദ്യോഗസ്ഥന് പറയാനുണ്ടാകും. ഉദാഹരണത്തിന് വല്ലാര്‍പാടം പദ്ധതി, അത് എന്റെ ആശയമാണ്. പിന്നീട് കല്ലിട്ടത് ടി.ആര്‍ ബാലുവായിരിക്കും. അതുകൊണ്ട് അത് എന്റെ ആശയമല്ലാതായി മാറുന്നില്ലല്ലോ. ഞാനതിനെക്കുറിച്ചെഴുതുമ്പോള്‍ എന്റെ ആശയം എന്ന നിലയ്ക്കു തന്നെയാണ് എഴുതുക. അത് പൊങ്ങച്ചം പറച്ചിലല്ല. എഴുത്തച്ഛന്‍ പുരസ്കാരം തുടങ്ങുന്നത് ഞാന്‍ സാംസ്കാരികവകുപ്പ് സെക്രട്ടറിയായിരിക്കുമ്പോഴാണ്. അതിന്റെ തുടര്‍ച്ചയായി സ്വാതി പുരസ്കാരം വന്നു. ജെ.സി ഡാനിയേല്‍ പുരസ്കാരം വന്നു. എഴുത്തച്ഛന്‍ പുരസ്കാരത്തിന്റെ താത്പര്യത്തിലേക്കും പ്രായോഗികതയിലേക്കും എന്നെ സജ്ജമാക്കിയത് പി.ടി തോമസ് എംഎല്‍എയാണ്. മധ്യപ്രദേശ് സര്‍ക്കാര്‍ കാളിദാസപുരസ്കാരം കൊടുക്കുന്നതു പോലെ നമുക്കും എന്തെങ്കിലും വേണ്ടേ ചേട്ടാ എന്ന് തോമസ് ചോദിച്ചതില്‍നിന്നാണ് എഴുത്തച്ഛന്‍ പുരസ്കാരം എന്ന ആശയം എനിക്കുണ്ടാവുന്നത്. സര്‍വ്വീസ് സ്റ്റോറിയില്‍ ഇതൊക്കെ പൊങ്ങച്ചമായിപ്പോകുമോ എന്ന് സംശയിച്ച് ഞാന്‍ എഴുതാതെ മാറ്റിവെക്കേണ്ട കാര്യമില്ലല്ലോ.


**ബ്യൂറോക്രാറ്റുകളുടെ അനുഭവവിവരണങ്ങള്‍ ഒരുഘട്ടം കഴിഞ്ഞാല്‍ പൊതുജനത്തിന് വേണ്ടാതാവും.**




ബ്യൂറോക്രാറ്റുകളുടെ അനുഭവവിവരണങ്ങള്‍ ഒരുഘട്ടം കഴിഞ്ഞാല്‍ പൊതുജനത്തിന് വേണ്ടാതാവും. എന്റെ സര്‍വ്വീസ് സ്റ്റോറി ഒരു ഇരുപത്തിയഞ്ച് വര്‍ഷം കഴിഞ്ഞാല്‍പ്പിന്നെ വായിക്കാന്‍ താത്പര്യമുള്ളവര്‍ ഉണ്ടാവണമെന്നില്ല. പക്ഷെ, ഞാന്‍ തന്നെ എഴുതിയ വേദശബ്ദരത്നാകരം അന്നും വായിക്കാന്‍ ആള്‍ക്കാരുണ്ടാകും. അഞ്ഞൂറു വര്‍ഷം കഴിഞ്ഞ് ഇരുപതാം നൂറ്റാണ്ടിലെ സാഹിത്യത്തെക്കുറിച്ചു പഠിക്കുന്ന ഒരാളുടെ ലിസ്റ്റില്‍ ഇന്നീ കൊട്ടിഘോഷിക്കപ്പെടുന്ന ആരുടെയും പേര് ഉണ്ടായിരിക്കില്ല. കുമാരനാശാന്‍, വൈക്കം മുഹമ്മദ് ബഷീര്‍, സാഹിത്യചരിത്രമെഴുതിയ ഉള്ളൂര്‍( കവിതയെഴുതിയ ഉള്ളൂരല്ല), കമ്പാരിറ്റീവ് ലിറ്ററേച്ചറിന്റെ കാര്യത്തില്‍ ഡോ കെ.എം.ജോര്‍ജ് ഇത്രയൊക്കെയേ ബാക്കിയുണ്ടാവൂ.' അദ്ദേഹം പറയുന്നു.

പുനര്‍വായന

# അസുരവിത്ത് ഒരു കാലഘട്ടത്തിന്റെ രൂപരേഖ




കടന്നു പോയവരുടെയെല്ലാം കാല്പാടുകളില്‍ കരിഞ്ഞ പുല്ലുകള്‍ നിര്‍മ്മിച്ച ഒറ്റയടിപ്പാ ത നീണ്ടുകിടക്കുന്നു. പ്രിയ പ്പെട്ടവരെ, തിരിച്ചു വരാന്‍ വേണ്ടി യാത്ര ആരംഭിക്കുകയാണ്...!'

അരനൂറ്റാണ്ടിലധികമായി ആസ്വാദക രുടെ പ്രിയനോവലായി നിലനില്‍ക്കുന്ന കൃതിയാണ് എം ടി വാസുദേവന്‍ നായരുടെ അസുരവിത്ത്. വള്ളുവനാടന്‍ ജീവിതത്തിന്റെ നേര്‍ക്കാഴ്ചകള്‍ മലയാളിക്ക് പകര്‍ന്നു നല്‍കിയ നോവല്‍ ജീവിത സന്ദര്‍ഭങ്ങളുടെ യുക്തിയില്ലായിമയില്‍ നിന്ന് ഉടലെടുത്ത സംഘര്‍ഷങ്ങളാണ് വരച്ചു കാട്ടുന്നത്. അസുരവിത്ത് ഒരു വ്യക്തിയുടേയോ കുറേ വ്യക്തികളുടേയോ കഥയല്ല മറിച്ച് ഒരു ദേശത്തിന്റെ ചരിത്രവും കാലഘട്ടത്തിന്റെ രൂപരേഖയുമാണ്. പ്രസിദ്ധീകരിച്ചിട്ട് പതിറ്റാണ്ടുകള്‍ പിന്നിട്ടിട്ടും ഈ കൃതിയോടുള്ള പ്രിയംകുറഞ്ഞിട്ടില്ല.

'അമ്മയ്ക്ക് ആറാംകമ്പത്തിലുണ്ടായ തൃപ്പുത്രന്‍' എന്ന് ഏട്ടന്‍ പരിഹസിക്കുന്ന കിഴക്കുംമുറിക്കാരന്‍ ഗോവിന്ദന്‍കുട്ടി വായനക്കാരന്റെ മനസ്സിലെ ഉണങ്ങാത്ത മുറിവാണ്. വേട്ടക്കാരന്റെ മനസ്സോടെ സമൂഹം നായാടിയപ്പോള്‍ ആദ്യം പകച്ചു നിന്ന ആ ചെറുപ്പക്കാര്‍ നമ്മളില്‍ ഒരാള്‍ തന്നെയാണ്. എന്നാല്‍ പിന്നീട് കൂച്ചുവിലങ്ങുകള്‍ തകര്‍ത്തെറിഞ്ഞ്, തിരിച്ചടികളില്‍ നിന്ന് വീര്യം ഉള്‍ക്കൊണ്ട് കാലത്തെ അതിജീവിച്ച ഗോവിന്ദന്‍കുട്ടിയുടെ കഥ ആരെയും സ്പര്‍ശിക്കുന്നതാണ്. കഥാപാത്രങ്ങളുടെ മാനസിക സംഘര്‍ഷങ്ങള്‍ തീവ്രമായ് ആവിഷ്ക്കരിക്കുന്നതില്‍ എംടിയുടെ കഴിവ് വ്യക്തമാക്കുന്ന നോവലാണ് അസുരവിത്ത്.



ഗോവിന്ദന്‍കുട്ടിയും മീനാക്ഷിയും കുഞ്ഞരയ്ക്കാരും കുമാരേട്ടനും ശേഖരന്‍നായരും കുഞ്ഞഹമ്മദ് മുതലാളിയും കഥാപാത്രങ്ങളേക്കാള്‍ ഉപരിയായി നമ്മള്‍ അടുത്തറിയുന്ന വ്യക്തികളായി.

ഒരു പ്രദേശത്തിന്റെ കഥ സ്വന്തം അനുഭവത്തിന്റെ തീക്ഷ്ണതയിലിരുന്നുകൊണ്ടാണ് എംടി അസുരവിത്ത് എഴുതിയത്. അന്നു നിലനിലനിന്ന വ്യവസ്ഥിതിയുടെ പരിച്ഛേദമായിരുന്നു അസുരവിത്ത്. ഗോവിന്ദന്‍കുട്ടി എന്ന നായക കഥാപാത്രത്തിനനുഭവപ്പെട്ട അസ്വസ്ഥതകള്‍ അയാള്‍ക്കു മാത്രമായി ഒതുക്കാതെ വായനക്കാരനിലേയ്ക്കും പകര്‍ന്നു നല്‍കാന്‍ എംടിക്ക് സാധിച്ചു. അരനൂറ്റാണ്ടായി മലയാള സാഹിത്യാസ്വാദകരുടെ പ്രിയപ്പെട്ട കൃതിയായി നിലനില്‍ക്കുന്ന അസുരവിത്തിന്റെ മുപ്പതാമത് പതിപ്പാണ് ഇപ്പോള്‍ വിപണികളിലുള്ളത്. സാഹിത്യനിരൂപകരിലെ പെണ്‍സാന്നിദ്ധ്യമായ ഡോ എം ലീലാവതി തയ്യാറാക്കിയ പഠനവും പുസ്തകത്തില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ട്.

പ്രസിദ്ധീകരണം: ഡിസി ബുക്സ്.

ജീവനാദം JEEVANAADAM

ഹൃദയപൂർവം-129

# വൈറസുകളുടെ വികൃതലോകം



ഡോ. ജോർജ് തയ്യിൽ

ഭൂമുഖത്ത് എത്രമാത്രം വൈറസുകളുണ്ടെന്ന് ചേദിച്ചാൽ പറയാൻ പ്രയാസം. ക്വാഡ്രില്യനെന്നോ ആകാശത്തുള്ള നക്ഷത്രങ്ങളേക്കാൾ നൂറ് ദശലക്ഷമിരട്ടിയെന്നോ മറ്റോ പറയാം. ലളിതമായി പറഞ്ഞാൽ മനുഷ്യബുദ്ധിക്ക് കണക്കുകൂട്ടിയെടുക്കാവുന്ന തിലുമപ്പുറം. ഭൂമുഖത്തെ ഏകകോശ ജീവികളുടെയും (പ്രാദങ്ങൾ, ബാക്ടീരിയകൾ, വൈറസുകൾ) ബഹുകോശ ജീവികളുടെയും (മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ) കണക്കെടുത്താൽ 99 ശതമാനവും ഇവിടെ നിറഞ്ഞിരിക്കുന്നത് ഏകകോശജീവികളെക്കൊണ്ടുതന്നെ. ഭൂമിയിൽ ഹോമോസ്പിയൻ എന്ന മനുഷ്യൻ വെറും 0.01 ശതമാനം മാത്രം. പക്ഷിമൃഗാദികളാകട്ടെ 0.4 ശതമാനവും. വർഗങ്ങളും ഉപവർഗങ്ങളും കൂട്ടി 8.7 ദശലക്ഷം ജന്തുഇനങ്ങളാണ് ഭൂമുഖം അടക്കി വാഴുന്നത്.

1.7 ദശലക്ഷത്തിലധികം ഇനിയും കണ്ടുപിടിക്കപ്പെടാത്ത ഇനം വൈറസുകൾ മനുഷ്യനിലും മൃഗങ്ങളിലും പക്ഷികളിലും മത്സ്യങ്ങളിലും മണ്ണിലും ജലത്തിലും സുഖമായി അങ്ങു ജീവിച്ചുപോകുന്നു. ഇതിൽ സംഹാരതാണ്ഡവമാടിയ ഏതാനും ചില വൈറസ് ഇനങ്ങളെ മാത്രമാണ് മനുഷ്യൻ ഇതുവരെ തിരിച്ചറിഞ്ഞത്. ഇവയാകട്ടെ പക്ഷികളിൽ നിന്നും മൃഗങ്ങളിൽ നിന്നും അന്തരീക്ഷത്തിൽ നിന്നും മനുഷ്യശരീരത്തിൽ പ്രവേശിച്ച് ജനിതകവ്യതിയാനങ്ങൾ സംഭവിച്ച് കൂടുതൽ സംഹാരശേഷി ആർജിച്ചവയാണ്.

എന്താണ് വൈറസ്? ഒരു സൂക്ഷ്മദർശിനി കൊണ്ടുമാത്രം ദൃഷ്ടിഗോചരമാകുന്ന ഭൂമുഖത്തെ ഏറ്റവും ചെറിയ ജൈവാണു. ഒരു ജൈവമാംസ്യവസ്തുവിലടങ്ങിയിരിക്കുന്ന ജനിതകപദാർഥം. പ്രോട്ടീൻ കവചങ്ങൾക്കുള്ളിൽ നിഷ്ക്രിയരായിരിക്കുന്ന ഡിഎൻഎ/ആർഎൻഎ തന്മാത്രകളാണ് വൈറസുകൾ എന്നു പറയാം. നിഷ്ക്രിയരായ ഈ വിറിയോണുകൾ ഏതെങ്കിലും ആതിഥേയകോശങ്ങളുമായി കൂട്ടിമുട്ടുമ്പോൾ എന്തിനും കരുത്താർജിച്ച തന്മാത്രകളായി മാറുന്നു.

ആതിഥേയ കോശങ്ങളിലെ ഇണങ്ങുന്ന സ്വീകരിണികളുമായി വൈറസിന്റെ തന്തുക്കൾ ബന്ധപ്പെട്ട് ആ കോശങ്ങളിലേക്ക് അവ കുടിയേറി പാർക്കുന്നു. വൈറസിനുള്ളിലെ ന്യൂക്ലിക് അമ്ലങ്ങളുടെ ജനിതക കോഡിങ്ങ് ആതിഥേയ കോശങ്ങളിലെ ബീജാകേന്ദ്രങ്ങളിലേക്ക് അതിസൂക്ഷ്മം പകർത്തപ്പെടുന്നു. ഡിഎൻഎ വൈറസ് കോശത്തിന്റെ ന്യൂക്ലിയസിലും ആർഎൻഎ വൈറസ് സൈറ്റോപ്ലാസത്തിലുമാണ് വസിക്കുക. അതോടെ ആതിഥേയ കോശങ്ങളുടെ വളർച്ചയും വിഘടനവും എത്രവേഗത്തിലായിരിക്കണമെന്ന് നിശ്ചയിക്കുന്നത് പിന്നെ ക്രൂരസ്വഭാവിനിയായ വൈറസ് തന്നെ. പ്രത്യേകിച്ച് ആർഎൻഎ വൈറസുകൾ അതിസങ്കീർണമായ ജനിതകമാറ്റ പ്രക്രിയയിലൂടെ ആതിഥേയ കോശങ്ങളിൽ അവിശ്വസനീയമായ സംഹാരശേഷിയാണ് പ്രകടമാക്കുക. കഴിഞ്ഞ കാലങ്ങളിൽ ലോകത്തുണ്ടായ എബോള, സാർസ്, മേർസ്, സിക്ക, ഇൻഫ്ളുവൻസ തുടങ്ങിയ മഹാമാരികളെല്ലാം ആർഎൻഎ വൈറസുകൾ മൂലമുണ്ടായവയാണ്. വൈറോളജി പുസ്തകം വൈറസിനെ നിർവചിക്കുന്നത് ജീവന്റെ മുൾമുനയിൽ വിരാചിക്കുന്ന ഏകകോശ ജീവികളെന്നാണ്. ലാറ്റിൻഭാഷയിൽ വൈറസ് എന്ന പദത്തിന്റെ അർഥം വിഷം എന്നാണ്. 1398ൽ ജോൺ ട്രവിസാക് ആണ് ഈ സംജ്ഞ ആദ്യമായി ഉപയോഗിക്കുന്നത്. പല വൈറസുകളുടെയും ആവരണമായി കൊഴുപ്പിന്റ ഒരു കവചം ഉണ്ടാകും. സ്വയം എന്തുചെയ്യുവാനും ജീവനില്ലാതെ ഒരു അർദ്ധപ്രാണിയായിട്ടാണ് പുറത്തുകഴിയുക. ഈയർത്ഥത്തിൽ സൂക്ഷ്മാണുവിനെ വിറിയോൺ എന്നു വിളിക്കുന്നു.

1.7 ദശലക്ഷത്തിലധികം ഇനിയും കണ്ടുപിടിക്കപ്പെടാത്ത ഇനം വൈറസുകൾ മനുഷ്യനിലും മൃഗങ്ങളിലും പക്ഷികളിലും മത്സ്യങ്ങളിലും മണ്ണിലും ജലത്തിലും സുഖമായി അങ്ങു ജീവിച്ചുപോകുന്നു.



ജീവനാദം
JEEVANAADAM

# പെന്തക്കോസ്താതിരുനാളും പരിശുദ്ധാത്മാവിന്റെ ദൈവീകത്വവും

## പെന്തക്കോസ്ത ഞായറിലെ ആദ്യ വായന, അപ്പോസ്തല പ്രവർത്തനങ്ങൾ 2, 1–11

റവ. ഡോ. ജോബ് വാഴക്കൂട്ടത്തിൽ



പെന്തക്കൊസ്തതിരുന്നാളിലെ നമ്മുടെ ആദ്യവായന സഭാവിജ്ഞാനീയത്തെ സംബന്ധിച്ച് പുതിയനിയമത്തിൽ വളരെയധികം പ്രാധാന്യമുള്ള ഒരു ദൈവവചനഭാഗമാണ്. നമ്മുടെ തിരുന്നാളാഘോഷത്തിന്റെ പശ്ചാത്തലത്തിൽ ഈ ദൈവവചനഭാഗം മനസിലാക്കുവാൻ നമുക്ക് ശ്രമിക്കാം.

രണ്ട് പ്രധാനപ്പെട്ട ചോദ്യങ്ങൾക്കുള്ള ഉത്തരത്തിന് നമുക്ക് ശ്രദ്ധകൊടുക്കാം.

ഒന്ന്: യഹൂദർക്ക് പെന്തക്കൊസ്തതിരുന്നാൾ എന്തായിരുന്നു?

ആദ്യനൂറ്റാണ്ടിലെ യഹൂദരെ സംബന്ധിച്ചിടത്തോളം എന്തായിരുന്നു പെന്തക്കൊസ്ത തിരുന്നാളിന്റെ പ്രാധാന്യം? അപ്പോസ്തല പ്രവർത്തനങ്ങളുടെ രണ്ടാം അദ്ധ്യായം ആരംഭിക്കുന്നതുതന്നെ അന്ന് പെന്തക്കൊസ്ത ദിനം ആയിരുന്നുവെന്ന് പ്രത്യേകം എടുത്തു പറഞ്ഞു കൊണ്ടാണ്. കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ ആരാധനാവർഷത്തിലെ ഒരു പ്രധാനപ്പെട്ട തിരുന്നാളാണ് പെന്തക്കൊസ്ത എന്ന് നമുക്കറിയാം. സഭയുടെ ജനനത്തിന്റെ, സഭയുടെ വ്യാപനത്തിന്റെ ആരംഭദിവസം എന്നൊക്കെ നമ്മളീദിവസത്തെ കാണാറുണ്ട്. എന്നാൽ, പെന്തക്കൊസ്ത പ്രധാനമായും ഒരു യഹൂദ തിരുന്നാൾ ആയിരുന്നു.

രണ്ട്: എന്ത്കൊണ്ടാണ് പരിശുദ്ധാത്മാവ് അഗ്നിയുടെ രൂപത്തിൽ, (അഗ്നിനാവുകളായി) പരിശുദ്ധ അമ്മയുടെ മേലും അപ്പോസ്തലന്മാരുടെ മേലും ഇറങ്ങിവന്നത്?

വിശുദ്ധഗ്രന്ഥത്തിൽ, പരിശുദ്ധാത്മാവ് മറ്റു പല രൂപത്തിലും പ്രത്യക്ഷമാകുന്നത് നമ്മൾ കാണുന്നുണ്ട്. ഉദാഹരണത്തിന്, ഈശോയുടെ ജ്ഞാനസ്നാന അവസരത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങി വരുന്നത് പ്രാവിന്റെ രൂപത്തിലാണ്. മറ്റു ചില സന്ദർഭങ്ങളിൽ കാറ്റായി പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം നമ്മൾ വി.ഗ്രന്ഥത്തിൽ കാണുന്നുണ്ട്. എന്നാൽ, എന്തു കൊണ്ടാണ് പെന്തക്കൊസ്ത സംഭവത്തിൽ പരിശുദ്ധാത്മാവ് അഗ്നിയായി ഇറങ്ങിവരുന്നത്? ഒന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരം മനസ്സിലാക്കാൻ ശ്രമിക്കാം.

പെന്തക്കൊസ്ത ഒരു യഹൂദതിരുന്നാളാണ് എന്ന് നമ്മൾ പറഞ്ഞു. Pentcoste എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം അമ്പതാമത് (Fiftieth) എന്നാണ്. അതായത്, യഹൂദർ പെസഹാതിരുന്നാൾ (പെസഹാക്കുഞ്ഞാടിന്റെ ബലിയർപ്പണത്തിന് ശേഷം) ആചരിച്ചതിന്റെ അമ്പതാമത് ദിവസം ആഘോഷിച്ചിരുന്ന ഒരു തിരുന്നാളാണ് പെന്തക്കോസ്ത. യഹൂദർക്ക് പെന്തക്കോസ്ത അതിന്റെ ആദ്യരൂപത്തിൽ പ്രധാനമായും ഒരു കൊയ്ത്തുത്സവം/ വിളവെടുപ്പുത്സവം ആയിരുന്നു.

വസന്തകാലത്തിലെ വിളവെടുപ്പിനുശേഷം ആദ്യഫലങ്ങൾ കർത്താവിന് സമർപ്പിച്ചിരുന്ന തിരുന്നാൾദിനം. അത്കൊണ്ടുതന്നെ അതൊരു കൃതജ്ഞതാദിനവുമായിരുന്നു. വിളവെടുപ്പുത്സവവും കൃതജ്ഞതാദിനവും എന്ന നിലയിൽ അതൊരു തീർത്ഥാടനത്തിന്റെ തിരുന്നാൾ കൂടിയായിരുന്നു. നിയമാവർത്തന പുസ്തകം പതിനാറാം അദ്ധ്യായം ഇപ്രകാരം പറയുന്നു: പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരും ജറുസലേമിലേക്ക് വരുകയും (തീർത്ഥാടനം) അവിടെ പെസഹാത്തിരുന്നാൾ മാത്രമല്ല അതിന്റെ അമ്പതാംദിവസം പെന്തക്കൊസ്ത തിരുനാൾ ആചരിക്കുകയും വേണം.

ഹീബ്രുഭാഷയിൽ ഈ തിരുന്നാൾ പെന്തക്കൊസ്ത എന്നല്ല അറിയപ്പെട്ടിരുന്നത്. ഹെബ്രായ ഭാഷയിൽ ഈ തിരുന്നാൾ ഷെബുവോത്ത് എന്നാണ് അറിയപ്പെട്ടിരുന്നത്. അതിനർത്ഥം, ആഴ്ചകളുടെ തിരുന്നാൾ എന്നാണ്. മറ്റുപേരുകൾ, ഏഴുകളുടെ ഏഴ്, ഏഴുകളുടെ തിരുന്നാൾ എന്നൊക്കെയാണ്. അതായത്, ഏഴുകളുടെ ഏഴ് എന്നാൽ നാല്പത്തിയൊൻപത് (7ണ്മ7=49), അതിന് ശേഷം വരുന്ന ദിവസം അമ്പതാം ദിവസം. (7%7=49)+1= 50.

മറ്റ് വാക്കുകളിൽ, പെസഹാത്തിരുനാളിനുശേഷം ഏഴ് ആഴ്ചകൾക്ക് ശേഷം വരുന്ന ദിവസം ആഘോഷിച്ചിരുന്ന തിരുന്നാളാണ് ഷെബുവോത്ത്. ആ ദിവസമാണ് അവരുടെ അധ്വാനത്തിന്റെ ഫലങ്ങൾ മറ്റു ബലിവസ്തുക്കളോടൊപ്പം കാഴ്ചയർപ്പിക്കുവാനായി ജറുസലേം ദേവാലയത്തിലേക്ക് കൊണ്ടുവന്നിരുന്നത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം; യഹൂദപാരമ്പര്യത്തിൽ ഈ തിരുന്നാൾ ഒരു അനുസ്മരണത്തിന്റെ തിരുന്നാൾ കൂടിയായിരുന്നു. സീനായ് മലയിൽ വച്ച് ദൈവം ഇസ്രായേൽ ജനത്തിന് നിയമം (പത്ത് കല്പനകൾ) നല്കിയതിന്റെ അനുസ്മരണത്തിരുന്നാൾ കൂടിയായിരുന്നു. അതായത്, ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് ആദ്യ പെസഹാത്തിരുന്നാൾ ദിനം ഇസ്രായേൽ ജനം പുറപ്പാട് ആരംഭിച്ചിട്ട് അമ്പതാം ദിവസമാണ് മരുഭൂമിയിൽ സീനായ് മലയുടെ താഴ് വരയിൽ വച്ച് മോശയിലൂടെ ദൈവവുമായി ഉടമ്പടിയിലേർപ്പെടുകയും അവിടുത്തെ പത്ത്കല്പനകൾ, (നിയമം) സ്വീകരിക്കുകയും ചെയ്തത്. ആ അനുസ്മരണം കൂടിയായിരുന്നു ഒരു യഹൂദനെ സംബന്ധിച്ച് പെന്തക്കൊസ്ത തിരുന്നാൾ.... (പുറപ്പാട് 19–20)

ഇക്കാര്യങ്ങൾ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് നമുക്ക് രണ്ടാമത്തെ ചോദ്യത്തിന്റെ ഉത്തരം മനസ്സിലാക്കാൻ ശ്രമിക്കാം.

എന്ത്കൊണ്ടാണ് പരിശുദ്ധാത്മാവ് അഗ്നിയുടെരൂപത്തിൽ ഇറങ്ങി വന്നത്? ഇതിനുള്ള ഉത്തരം നമുക്ക് പുറപ്പാട് പത്തൊൻപതാം അധ്യായത്തിൽ നിന്ന് തന്നെ ലഭിക്കും. ഈ ദൈവവചന ഭാഗം വിവരിക്കുന്നത് ദൈവം സീനായ് മലമുകളിൽ ഇസ്രായേല്യരുടെമേൽ ഇറങ്ങി വന്നതാണ്. ആ വിവരണം ഒന്നു നോക്കാം:

അവർ മലയുടെ അടിവാരത്തിൽ നിലയുറപ്പിച്ചു. കർത്താവ് അഗ്നിയിൽ ഇറങ്ങി വന്നതിനാൽ സീനായ് മലമുഴുവൻ ധൂമാവൃതമായി. ചൂളയിൽ നിന്നെന്നപോലെ അവിടെ നിന്ന് പുക ഉയർന്നുകൊണ്ടിരുന്നു. മല ശക്തമായി ഇളകിവിറച്ചു. (പുറ.19, 18)

ഇതോടൊപ്പംതന്നെ അപ്പോസ്തല പ്രവർത്തനത്തിലെ പെന്തക്കൊസ്ത വിവരണവും നമുക്ക് നോക്കാം:

പെന്തക്കുസ്തദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചു കൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലെയുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്ത് നിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീട് മുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലെയുള്ള നാവുകൾ തങ്ങളോരോരുത്തരുടേയുംമേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു.

(അപ്പ. 2, 1–3).

പഴയനിയമത്തിൽ, കർത്താവ് സ്വർഗത്തിൽ നിന്ന് അഗ്നിയുടെ രൂപത്തിൽ ഇസ്രായേലിന്റേമേൽ ഇറങ്ങി വന്നിട്ട് അവർക്ക് നിയമം നല്കി. ഇപ്പോൾ, പുതിയനിയമത്തിൽ, പെന്തക്കൊസ്തദിവസം പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്ന് അഗ്നിയായി ഇറങ്ങിവന്ന് പുതിയ ഇസ്രായേലിന്റെ (തിരുസഭയുടെ) പ്രതീകങ്ങളായ പരിശുദ്ധ കന്യാമറിയത്തിന്റേമേലും അപ്പോസ്തലന്മാരുടെമേലും ഇറങ്ങിവന്നിട്ട് അവർക്ക് പുതിയ നിയമം നല്കുന്നു. സീനായ് മലയിൽ നല്കിയ നിയമം കല്പലകയിൽ എഴുതപ്പെട്ടതായിരുന്നുവെങ്കിൽ പുതിയ നിയമം അവരുടെ ഹൃദയങ്ങളിലാണ് എഴുതപ്പെട്ടത്.

സീനായ് മലയിൽവച്ച്, 'നിങ്ങളെന്റെ ജനവും ഞാൻ നിങ്ങളുടെ ദൈവവുമായിരിക്കും' എന്ന വാക്കുകളിലൂടെ പഴയ ഇസ്രായേൽ രൂപപ്പെട്ടുവെങ്കിൽ പെന്തക്കൊസ്താദിനം പുതിയ ഇസ്രായേലിന്റെ ജനനം ആരംഭിച്ചു.

രണ്ട് കാര്യങ്ങൾ:

പെന്തക്കൊസ്ത ഒരു പുതിയ സീനായ് മലയാണ്. പരിശുദ്ധാത്മാവ് യഥാർത്ഥ ദൈവമാണ് (സീനായ് മലയിൽ അഗ്നിയായി ഇറങ്ങിവന്ന ഏകദൈവീകതയിൽ പങ്കാളിയായ ദൈവം). എങ്ങിനെയാണോ ഏകവും ത്രിത്വവുമായ ദൈവം സീനായ് മലയിൽ അഗ്നിയായി ഇസ്രായേലിന് തന്നെത്തന്നെ വെളിപ്പെടുത്തുന്നത് അതുപോലെ തന്നെയാണ് പെന്തക്കോസ്തയിൽ തിരുസഭയ്ക്ക് വെളിപ്പെടുത്തുന്നതും സഭയുടെമേൽ ആവസിക്കുന്നതും.

ജീവനാദം
JEEVANAADAM

Vatican News



# ലൗദാത്തോ സി: ഭൂമിയുടെയും ദരിദ്രരുടെയും രോദനത്തിലേക്കു ശ്രദ്ധ ക്ഷണിക്കാൻ ഒരു വർഷം

വത്തിക്കാൻ സിറ്റി: നമ്മുടെ പൊതുഭവനമായ ഭൂമിയുടെയും അതിൽ വസിക്കുന്ന ഏറ്റവും ദുർബലരായ മനുഷ്യരുടെയും സംരക്ഷണത്തിനും പരിപാലനത്തിനും ആഹ്വാനം നൽകി ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച ലൗദാത്തോ സീ (അങ്ങേയ്ക്കു സ്തുതി) എന്ന ചാക്രികലേഖനത്തിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീളുന്ന പാരിസ്ഥിതിക കർമപദ്ധതികൾക്ക് സമഗ്ര മാനവപുരോഗതിക്കായുള്ള വത്തിക്കാൻ സംഘം തുടക്കം കുറിച്ചു. ഭൂമിക്കും മാനവകുലത്തിനും വേണ്ടി പൊതുവായ പ്രാർഥനയോടെ മേയ് 24ന് ആരംഭിച്ച ലൗദാത്തോ സീ വർഷാചരണം അടുത്ത വർഷം മേയ് 24 വരെ നീളും.

ഭൂമുഖത്തെ പ്രകൃതിയെക്കുറിച്ചുള്ള ആശങ്ക, അതിൽവസിക്കുന്ന ജനങ്ങളിൽ ബഹുഭൂരിപക്ഷം വരുന്ന പാവങ്ങളെക്കുറിച്ചു മറ്റുള്ളവർക്കുണ്ടാകേണ്ട അവബോധം, നല്ല പ്രകൃതിയും സഹോദര്യവും ഭൂമിയിൽ വസിക്കുന്നവർക്കു നല്കാവുന്ന ആനന്ദവും സാമാധാനവും എന്നിവയെ സംബന്ധിച്ച പ്രബോധനത്തെ ആധാരമാക്കിയുള്ള വർഷാചരണത്തിനു മുന്നോടിയായി വത്തിക്കാൻ ആഗോള പരിസ്ഥിതിവാരം സംഘടിപ്പിക്കുകയുണ്ടായി.

ഭൂമിയുടെയും പാവപ്പെട്ടവരുടെയും രോദനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ശ്രമിക്കുന്നതാണ് ഈ ചാക്രികലേഖനമെന്ന് അഞ്ചാം വാർഷിക ദിനത്തിലെ മധ്യാഹ്നപ്രാർഥനാ സന്ദേശത്തിൽ പാപ്പാ അനുസ്മരിച്ചു.

സുസ്ഥിതിയുള്ള പരിസ്ഥിതിയും നല്ല പ്രകൃതിയും യാഥാർത്ഥ്യമാക്കുവാൻ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി ലോകവും രാഷ്ട്രനേതാക്കളും മടിച്ചുനില്ക്കവെയാണ് സഭാതലത്തിൽ പാരിസ്ഥിതിക പരിപാടികൾ ആഗോളതലത്തിൽ സംഘടിപ്പിക്കുന്നത്. ഇതുവഴി പാപ്പായുടെ പാരിസ്ഥിതിക പ്രബോധനങ്ങൾ ലോകത്ത് പ്രാവർത്തികമാക്കുവാൻ സാധിക്കുമെന്ന ഉറച്ചബോധ്യത്തോടെയാണ് ഒരു വർഷം നീളുന്ന കർമ്മപദ്ധതികൾ ഒരുക്കിയിരിക്കുന്നതെന്ന് സമഗ്ര മാനവവികസനത്തിനായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ അധ്യക്ഷൻ കർദിനാൾ പീറ്റർ ടേർക്സൺ പറഞ്ഞു.

പൊതുഭവനമായ ഭൂമി സംരക്ഷിക്കുവാൻ സമൂഹത്തിൽ കൂട്ടുത്തരവാദിത്തവും സഹകരണവും വളർത്തുവാനും അങ്ങനെ വ്യക്തികളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും വളർത്തിയെടുക്കാവുന്ന ക്രിയാത്മകമായ മനോഭാവത്തിലൂടെ ഭൂമി കൂടുതൽ വാസയോഗ്യവും സുസ്ഥിതിയുള്ളതുമാക്കി മാറ്റുവാനും കഴിയുമെന്ന പ്രത്യാശ പങ്കുവയ്ക്കുകയാണ് പരിസ്ഥിതി വർഷത്തിന്റെ ലക്ഷ്യം. ലോകത്ത് എവിടെയുമുള്ള ക്രൈസ്തവരെ മാത്രമല്ല സന്മനസ്സുള്ള സകലരെയും ഒന്നിപ്പിക്കുന്നതാണ് ഈ വർഷാചരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വാർഷിക പരിപാടികൾ പ്രായോഗികമാക്കാനുള്ള മാർഗരേഖ ജൂണിൽ ലഭ്യമാക്കും. സൃഷ്ടിയുടെ കാലം എന്ന പേരിൽ അടുത്ത സെപ്റ്റംബർ ഒന്നു മുതൽ ഒക്ടോബർ നാലുവരെ വെബ് സെമിനാറുകൾ സംഘടിപ്പിക്കും. ഒക്ടോബർ 15ന് ആഗോള വിദ്യാഭ്യാസ ഉടമ്പടിയുടെ പുന:പരിശോധന.

പൊതുഭവനമായ ഭൂമി സംര ക്ഷിക്കുവാൻ സമൂഹത്തിൽ കൂട്ടുത്തരവാദിത്തവും സഹകരണവും വളർത്തുവാനും അങ്ങനെ വ്യക്തികളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും വളർത്തിയെടുക്കാവുന്ന ക്രിയാത്മകമായ മനോഭാവത്തിലൂടെ ഭൂമി കൂടുതൽ വാസയോഗ്യവും സുസ്ഥിതിയുള്ളതുമാക്കി മാറ്റുവാനും കഴിയുമെന്ന പ്രത്യാശ പങ്കുവയ്ക്കുകയാണ് പരിസ്ഥിതി വർഷത്തിന്റെ ലക്ഷ്യം.



2021 ജനുവരി 20 മുതൽ 29 വരെ ഫ്രാൻസിസി പാപ്പാ ആഗോള സാമ്പത്തിക ചർച്ചാവേദി വിളിച്ചുകൂട്ടും. 2021 വസന്തത്തിൽ ഡാവോസ് ആഗോള സാമ്പത്തിക കൂട്ടായ്മയയുടെ മൂന്നാമത് വട്ടമേശ സമ്മേളനം. മാർച്ച് 22ന് ലോക ജലദിന പരിപാടികൾ. മേയ് 20 മുതൽ 22 വരെ സമാപനപരിപാടിയുടെ ഭാഗമായി യുവജനങ്ങളുടെ ലൗദാത്തോ സീ സംഗീതക്കൂട്ടായ്മയും പാരിസ്ഥിതിക അവാർഡുകളും. തുടർന്നുള്ള ഏഴു വർഷങ്ങൾ നീളുന്ന കർമ്മ പദ്ധതികൾ ദേശീയ പ്രാദേശിക സഭകൾക്ക് ലഭ്യമാക്കും.

ലൗദാത്തോ സീ വത്സരത്തിനായി തയാറാക്കിയ പ്രത്യേക പ്രാർഥന ഇതാണ്:

സ്നേഹസ്വരൂപനായ ദൈവമേ,

ഭൂസ്വർഗങ്ങളുടെയും അവയിലുള്ള സകലത്തിന്റെയും സ്രഷ്ടാവേ,

ഞങ്ങൾ, അങ്ങയുടെ ദാനമായ സൃഷ്ടിയുടെ ഭാഗമായി ഭവിക്കുന്നതിന്, ഞങ്ങളുടെ മനസുകളെ തുറക്കുകയും ഹൃദയങ്ങളെ സ്പർശിക്കുകയും ചെയ്യണമേ.

ക്ലേശകരങ്ങളായ ഈ വേളകളിൽ ആവശ്യത്തിലിരിക്കുന്നവരുടെ, വിശിഷ്യ, ഏറ്റം ദരിദ്രരും വേധ്യരുമായവരുടെ ചാരെ അങ്ങ് ഉണ്ടായിരിക്കേണമേ.

ആഗോള മഹാമാരിയുടെ അനന്തരഫലങ്ങളെ നേരിടുന്നതിൽ രചനാത്മക ഐക്യം പ്രകടിപ്പിക്കാൻ ഞങ്ങളെ സഹായിക്കേണമേ.

പൊതുനന്മയ്ക്കായുള്ള അന്വേഷണത്തിനുകുന്ന മാറ്റങ്ങളെ ആശ്ലേഷിക്കാൻ ഞങ്ങളെ ധൈര്യമുള്ളവരാക്കണമേ.

പരസ്പരബന്ധവും പരസ്പരാശ്രയവുമുള്ളവരാണ് എന്ന അവബോധം എന്നത്തെക്കാളുമുപരി ഇന്ന് പുലർത്താൻ ഞങ്ങൾക്കു സാധിക്കട്ടെ.

ഭൂമിയുടെയും പാവപ്പെട്ടവരുടെയും രോദനം ശ്രവിക്കാനും അതിനോടു പ്രതികരിക്കാനും ഞങ്ങളെ പ്രാപ്തരാക്കണമേ.

ഇന്നിന്റെ സഹനങ്ങൾ ഉപരിസാഹോദര്യം വാഴുന്നതും സുസ്ഥിരവുമായ ഒരു ലോകത്തിനായുള്ള ഈറ്റുനോവായി ഭവിക്കട്ടെ.

ക്രൈസ്തവരുടെ സഹായമായ മറിയത്തിന്റെ സ്നേഹദർശനത്തിൻ കീഴിലിരുന്നു ഞങ്ങളുടെ കർത്താവായ ക്രിസ്തു വഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

ജീവനാദം
JEEVANAADAM

# SPORTS

ഫോബ്സ് മാഗസിന്റെ പട്ടിക യിൽ അതിസമ്പന്നരുടെ പട്ടിക യിൽ ടെന്നീസ് താരങ്ങളിൽ വനിതാ താരങ്ങളായ നവോമി ഒസാകയും (29) സെറീന വില്യംസുമുണ്ട് (33).






# ഫോബ്സ് മാസികയിൽ വിരാട് കോഹ്‌ലിയും

ലണ്ടൻ: ലോകത്ത് ഏറ്റവുമധികം പ്രതിഫലം വാങ്ങുന്ന കായികതാരങ്ങളുടെ പട്ടികയിൽ ടെന്നീസ് താരം റോജർ ഫെഡറർ ഒന്നാമത്. ഫോബ്സ് മാസിക തയ്യാറാക്കിയ പട്ടികപ്രകാരം 803 കോടി രൂപയാണ് ഫെഡററുടെ ഈ വർഷത്തെ സമ്പാദ്യം. ഒരു ടെന്നീസ് താരം ഈ ബഹുമതി നേടുന്നത് ആദ്യമാണ്. ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ വിരാട് കോഹ്ലി ആദ്യ 100ൽ സ്ഥാനം പിടിച്ചു. കോഹ്ലിയുടെ സമ്പാദ്യം 196 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തേക്കാൾ 30 പടി കയറി 66ാം സ്ഥാനത്താണ് കോഹ്ലി. ആദ്യ നൂറിൽ മറ്റ് ഇന്ത്യക്കാരില്ല.

കളിക്കാരുടെ സമ്മാനത്തുക, മത്സരങ്ങളിൽ പങ്കെടുക്കാനുള്ള ഫീസ്, ശമ്പളം, കരാർ തുക, റോയൽറ്റി എന്നിവയാണ് പരിഗണിച്ചത്. കോവിഡ് ആയതിനാൽ മിക്ക കായിക താരങ്ങളുടെയും പ്രതിഫലം കുറച്ചിരുന്നു. പോർച്ചുഗൽ ഫുട്ബോൾ താരം ക്രിസ്റ്റിയാനോ റൊണാൾഡോ 793 കോടിയുമായി രണ്ടാംസ്ഥാനത്താണ്. അർജന്റീനയുടെ ലയണൽ മെസി 785 കോടിയുമായി മൂന്നാംസ്ഥാനത്തുണ്ട്. ബ്രസീലിന്റെ നെയ്മർ നാലാമതാണ് (721 കോടി). ശമ്പളത്തിലെ വെട്ടിക്കുറവാണ് ഫുട്ബോൾ താരങ്ങൾക്ക് വിനയായത്.

ആദ്യ 100 സമ്പന്നരിൽ 35 പേർ ബാസ്കറ്റ്ബോൾ താരങ്ങളാണ്. 31 അമേരിക്കൻ ഫുട്ബോൾ താരങ്ങളും 14 ഫുട്ബോൾ താരങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ടെന്നീസ് താരങ്ങളിൽ വനിതാ താരങ്ങളായ നവോമി ഒസാകയും (29) സെറീന വില്യംസുമുണ്ട് (33).

# ഇറ്റാലിയൻ സീസണും പുനരാരംഭിക്കുന്നു



ടൂറിൻ: ഇറ്റലിയിൽ വീണ്ടും ഫുട്ബോൾ സീസൺ പുനരാരംഭിക്കുന്നു. ജൂൺ 13ന് കോപ്പാ ഇറ്റാലിയ സെമി ഫൈനലോടെയാണ് സീസണിന് തുടക്കമാവുന്നത്. ഇറ്റലിയുടെ കായികമന്ത്രാലയമാണ് വാർത്ത പുറത്തുവിട്ടത്. ജൂൺ 20നാണ് സീരി എ, സീരി ബി ചാംപ്യൻഷിപ്പുകൾ തുടരുന്നത്.

നേരത്തെ മാറ്റിവച്ച രണ്ട് സെമിഫൈനലുകളുടെ രണ്ടാംപാദ മൽസരങ്ങളാണ് 13ന് നടക്കുക. രണ്ടുമാസത്തിന് ശേഷമാണ് ഇറ്റലിയിൽ ഫുട്ബോൾ മൽസരങ്ങൾക്ക് തുടക്കമിടുന്നത്. സെമിയിൽ യുവന്റസ് എസി മിലാനെയും നപ്പോളി ഇന്റർ മിലാനെയും നേരിടും. യുവന്റസിന്റെ ഹോം ഗ്രൗണ്ടിലാണ് ആദ്യമൽസരം. ആദ്യപാദമൽസരം സമനിലയിൽ പിരിഞ്ഞിരുന്നു. നപ്പോളിയുടെ ഹോം ഗ്രൗണ്ടിൽ നടക്കുന്ന മൽസരത്തിന്റെ ആദ്യപാദത്തിൽ ഇന്റർമിലാനെതിരേ നപ്പോളിയ്ക്കായിരുന്നു ജയം. സീരി എയിൽ 12 റൗണ്ട് മൽസരങ്ങളാണ് ഇനി നടക്കാനുള്ളത്. ലീഗിൽ യുവന്റസാണ് ഒന്നാമതുള്ളത്.

# പ്രീമിയർ ലീഗ് ജൂൺ 20ന്; നാല് പേർക്ക് കൊറോണ

Premier League

ലണ്ടൻ: ഇംഗ്ലിഷ് പ്രീമിയർ ലീഗ് ജൂൺ 20ന് തുടരാൻ ധാരണ. ക്ലബ്ബുകളുടെ കഴിഞ്ഞ ദിവസം ചേർന്ന യോഗത്തിലാണ് ലീഗ് ജൂൺ 20ന് തുടരാൻ ധാരണയായത്. നേരത്തെ താരങ്ങൾ പരിശീലനം തുടങ്ങിയിരുന്നു. ഗ്രൂപ്പ്ഘട്ട പരിശീലനവും തുടർന്നിരുന്നു. ജൂൺ 12നായിരുന്നു ലീഗ് തുടരാൻ തീരുമാനിച്ചത്. എന്നാൽ ഈ തീരുമാനം മാറ്റുകയായിരുന്നു. ആഴ്ചയിൽ രണ്ട് മൽസരങ്ങൾ വെച്ച് നടത്തിയാണ് സീസൺ പൂർത്തിയാക്കുക. ആഗസ്റ്റിന് മുമ്പായി സീസൺ അവസാനിപ്പിച്ച് പുതിയ സീസണിന് തുടക്കമിടും. അതിനിടെ ലീഗിൽ പുതിയ നാല് പേർക്ക് കൂടി കൊറോണാ വൈറസ് സ്ഥിരീകരിച്ചു.

കഴിഞ്ഞ ദിവസം നടത്തിയ മൂന്നാം ഘട്ട ടെസ്റ്റിലാണ് നാല് പേർക്ക് രോഗം കണ്ടെത്തിയത്. ഇതോടെ ലീഗിൽ വിവിധ ക്ലബ്ബുകളിലെ 12 പേർക്ക് രോഗം സ്ഥിരീകരിച്ചു. താരങ്ങളുടെ പേരു വിവരങ്ങൾ ക്ലബ്ബുകൾ പുറത്ത് വിട്ടിട്ടില്ല.

ജീവനാദം
JEEVANAADAM

വിദേശവാർത്ത

# ഹോങ്കോംഗിൽ പള്ളികൾ തുറക്കുന്നത് അശാന്തിയുടെ അന്തരീക്ഷത്തിൽ

ഹോങ്കോംഗ്: കൊറോണവൈറസ് വ്യാപന ഭീഷണിയിൽ ഫെബ്രുവരിയിൽ അടച്ചിട്ട ഹോങ്കോംഗിലെ പള്ളികളിൽ ജൂൺ ഒന്നു മുതൽ സമൂഹദിവ്യബലിയർപ്പണം പുനരാരംഭിക്കുമെന്ന് ദ്വീപിലെ രൂപതാ അഡ്മിനിസ്ട്രേറ്ററായ കർദിനാൾ ജോൺ ടോംഗ് ഹോൺ അറിയിച്ചു. പരിശുദ്ധ ത്രിത്വത്തിന്റെ ഞായറാഴ്ചയായ ജൂൺ ഏഴു മുതൽ ഞായറാഴ്ചത്തെ തിരുക്കർമങ്ങൾ ആരംഭിക്കുമെന്നും, എന്നാൽ പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി വിശ്വാസികൾ ശാരീരിക അകലം പാലിക്കേണ്ടതിനാൽ പള്ളിയിൽ സാധാരണ ഉൾക്കൊള്ളാൻ കഴിയുന്നതിൽ പകുതിയോളം പേർക്കേ നേരിട്ട് ദിവ്യബലിയിൽ പങ്കുകൊള്ളാൻ കഴിയൂ എന്നും മറ്റുള്ളവർ ഇടദിനങ്ങളിലെ ബലിയർപ്പണത്തിൽ സംബന്ധിക്കുകയോ മാധ്യമങ്ങളിലൂടെ തത്സമയം സംപ്രേഷണം ചെയ്യുന്ന തിരുക്കർമങ്ങളിൽ പങ്കുകൊണ്ട് ആത്മീയ ദിവ്യകാരുണ്യം സ്വീകരിക്കുകയോ ചെയ്യണമെന്ന് രൂപതാ വെബ്സൈറ്റിൽ പറയുന്നു.



അതേസമയം, മുൻ ബ്രിട്ടീഷ് കോളനിയും ചൈനയുടെ പ്രത്യേക ഭരണപ്രവിശ്യയുമായ ഹോങ്കോംഗിൽ ദേശീയ സുരക്ഷാ നിയമം കൊണ്ടുവരാനായി ചൈനയിലെ പാർലമെന്റിൽ (നാഷണൽ പീപ്പിൾസ് കോൺഗ്രസ്) അവതരിപ്പിച്ചിട്ടുള്ള ബില്ലിനെതിരെ ദ്വീപിൽ ജനാധിപത്യവാദികൾ കൊറോണക്കാലത്തെ നിയന്ത്രണങ്ങൾ ലംഘിച്ചുകൊണ്ട് പരസ്യപ്രകടനങ്ങൾ ആരംഭിച്ചു. വരാനിരിക്കുന്ന വലിയ സംഘർഷങ്ങളുടെ സൂചനയായി നഗരത്തിലെ ചൈനയുടെ ലിയയ്സൺ ഓഫിസിനു മുൻപിലും മാളുകളിലും ആയിരകണക്കിനു ജനങ്ങൾ മുഖകവചമണിഞ്ഞ് ബെയ്ജിങ് വിരുദ്ധ മുദ്രാവാക്യങ്ങളുയർത്തി പ്രകടനം നടത്തി. പൊലീസ് കണ്ണീർവാതകവും കുരുമുളക് സ്പ്രേയും ജലപീരങ്കിയുമായി അവരെ നേരിട്ടു.



കൊറോണ വൈറസ് വ്യാപന ഭീഷണിയിൽ ഫെബ്രുവരിയിൽ അടച്ചിട്ട ഹോങ്കോംഗിലെ പള്ളികളിൽ ജൂൺ ഒന്നു മുതൽ സമൂഹദിവ്യബലിയർപ്പണം പുനരാരംഭിക്കുമെന്ന് ദ്വീപിലെ രൂപതാ അഡ്മിനിസ്ട്രേറ്ററായ കർദിനാൾ ജോൺ ടോംഗ് ഹോൺ അറിയിച്ചു.

ചൈനാ വൻകരയിലെ കമ്യൂണിസ്റ്റ് സമഗ്രാധിപത്യത്തിൽ നിന്നു വ്യത്യസ്തമായി ജനാധിപത്യ പൗരാവകാശങ്ങളും അഭിപ്രായസ്വാതന്ത്ര്യവും സ്വയംഭരണാവകാശവും സ്വതന്ത്ര നീതിനിർവഹണവ്യവസ്ഥയും ഉൾപ്പെടെ സ്വതന്ത്ര ജീവിതരീതി നിലനിൽക്കുന്ന ഹോങ്കോംഗിൽ പിടിമുറുക്കുന്നതിനാണ് ബെയ്ജിങ് ദേശീയ സുരക്ഷാ നിയമം കൊണ്ടുവരുന്നത്. ദ്വീപിലെ പ്രാദേശിക നിയമനിർമാണ സഭയെ മറികടന്നാണ് രാജ്യദ്രോഹം, വിഘടനവാദം, വിദേശശക്തിയുടെ കൈകടത്തൽ, ഭീകരപ്രവർത്തനം, കലാപം, പ്രജാപ്രകോപനം, വിപ്ലവ അട്ടിമറി എന്നിവ നിരോധിച്ചുകൊണ്ടുള്ള പുതിയ നിയമനിർമാണത്തിന് വൻകരയിലെ കമ്യൂണിസ്റ്റ് പാർട്ടി ഭരണകൂടം റബർ സ്റ്റാമ്പ് മാത്രമായ പാർലമെന്റിൽ ബില്ല് അവതരിപ്പിച്ചിരിക്കുന്നത്. ചൈനാവൻകരയിൽ നിന്ന് സുരക്ഷാ സേനയെയും മറ്റ് ഏജൻസികളെയും ഹോങ്കോംഗിൽ വിന്യസിക്കാനും വിമത നീക്കങ്ങളെ ശക്തമായി അമർച്ചചെയ്യാനുമുള്ള നീക്കമാണിത്. ഹോങ്കോംഗിലെ ചൈനീസ് ഗാരിസണിലുള്ള പതിനായിരം ചൈനീസ് സേനാംഗങ്ങൾ ദേശീയ സുരക്ഷാ നിയമം നടപ്പാക്കാൻ സജ്ജമാണെന്ന് അവരുടെ കമാൻഡർ മുന്നറിയിപ്പുനൽകിക്കഴിഞ്ഞു.

കുറ്റവാളികളെ വിചാരണയ്ക്കായി വൻകരയിലേക്കു വിട്ടുകൊടുക്കാൻ പ്രവിശ്യാഭരണകൂടം തീരുമാനിച്ചതിനെ തുടർന്ന് കഴിഞ്ഞ ജൂൺ മുതൽ ഹോങ്കോംഗിൽ അതിശക്തമായ ജനകീയ പ്രക്ഷോഭം അരങ്ങേറിയിരുന്നു. ബെയ്ജിങ്ങിനോട് ആഭിമുഖ്യമുള്ള ഹോങ്കോംഗ് ചീഫ് എക്സിക്യൂട്ടീവ് കാരി ലാമിന്റെ രാജി ആവശ്യപ്പെട്ട് മാസങ്ങളോളം തുടർന്ന പ്രക്ഷോഭകാരികൾക്കെതിരെ പ്രാദേശിക പൊലീസ് അതിക്രമം കാണിച്ചത് കൂടുതൽ പ്രകോപനത്തിന് ഇടയാക്കി. കൊറോണവൈറസ് ഭീഷണി നിലനിൽക്കുമ്പോൾ വലിയ തോതിലുള്ള പ്രതിരോധം സാധ്യമല്ലെന്ന കണക്കുകൂട്ടലിലാണ ബെയ്ജിങ് ഹോങ്കോംഗിൽ നിർണായക രാഷ്ട്രീയനീക്കം നടത്തുന്നത്.

ദേശീയ സുരക്ഷാ നിയമം ഹോങ്കോംഗിന്റെ മരണമണിയാണെന്നു വിശേഷിപ്പിച്ച യുഎസ് ദ്വീപിനു നൽകിവന്ന വ്യാപാര ആനുകൂല്യങ്ങളെല്ലാം പിൻവലിക്കുമെന്ന് ചൈനയ്ക്കു മുന്നറിയിപ്പു നൽകി.

ഹോങ്കോംഗിലെ ജനങ്ങൾക്ക് ഈ പ്രതിസന്ധിഘട്ടത്തിൽ ആവശ്യമായ എല്ലാ സഹായവും നൽകുമെന്ന് തയ്വാൻ പ്രസിഡന്റ് സായ് ഇൻഗ്വെൻ പറഞ്ഞു. ചൈന തങ്ങളുടെ വിമത പ്രവിശ്യയായി വിശേഷിപ്പിക്കുന്ന തയ്വാനിലെ ജനാധിപത്യ ഗവൺമെന്റ് ഹോങ്കോംഗിലെ ബെയ്ജിങ് വിരുദ്ധ പ്രക്ഷോഭകർക്ക് അഭയവും പിന്തുണയും നൽകുന്നുണ്ട്.

ജീവനാദം
JEEVANAADAM

# CINE BITS



## കയറ്റം ഒടിടി റിലീസ് ചെയ്യുമോ?

റോട്ടർഡാം ചലചിത്രമേളയിൽ ടൈഗർ പുരസ്കാരം നേടിയ എസ്. ദുർഗക്കും 2019 ൽ വെനീസ് ചലച്ചിത്രമേളയിലെ മൽസരവിഭാഗത്തിൽ ഇടം പിടിച്ച ചോലക്കും ശേഷം, സനൽകുമാർ ശശിധരൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് 'കയറ്റം'. ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ മഞ്ജു വാര്യർ തന്റെ ഫേസ് ബുക്കിലൂടെ റിലീസ് ചെയ്തു. അപകടം നിറഞ്ഞ ഹിമാലയൻ പർവതനിരകളിലൂടെയുള്ള ട്രെക്കിംഗ് വിഷയമായ ഈ ചിത്രത്തിൽ മഞ്ജുവാര്യർ പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ജോസഫ് എന്ന സിനിമയിൽ ശ്രദ്ധേയമായ വേഷം ചെയ്ത വേദ് വൈബ്സ്, പുതുമുഖം ഗൗരവ് രവീന്ദ്രൻ എന്നിവർ മറ്റു പ്രധാന കഥാപാത്രങ്ങളായെത്തുന്നു. ഇവരെക്കൂടാതെ സുജിത് കോയിക്കൽ, രതീഷ് ഈറ്റില്ലം, ദേവനാരായണൻ, സോനിത് ചന്ദ്രൻ, ആസ്ത ഗുപ്ത, അഷിത, നന്ദു ഠാക്കൂർ, ഭൂപേന്ദ്ര ഖുറാന എന്നിവരും മറ്റു വേഷങ്ങളിൽ എത്തുന്നു.

പ്രശസ്ത ഛായാഗ്രാഹകൻ തിരുവിന്റെ അസോസിയേറ്റായി പ്രവർത്തിച്ചിരുന്ന ചന്ദ്രു സെൽവരാജ് ഈ ചിത്രത്തിലൂടെ സ്വതന്ത്ര ഛായാഗ്രാഹകനാവുകയാണ്. ചോലയിലൂടെ കലാസംവിധായകനായ ദിലീപ് ദാസാണ് കയറ്റത്തിലും കലാസംവിധാനം നിർവഹിച്ചിരുക്കുന്നത്. ചിത്രത്തിനുവേണ്ടി തയാറാക്കിയ അഹർസംസ എന്ന ഭാഷയാണ് ചിത്രത്തിന്റെ മറ്റൊരു സവിശേഷത. ഈ ഭാഷയിൽ കയറ്റം എന്നതിനുള്ള വാക്കായ 'അഹർ' ആണ് ചിത്രത്തിന്റെ മറ്റൊരു ടൈറ്റിൽ. അഹർ സംസയിലുള്ള പത്തു പാട്ടുകളിലൂടെ വ്യത്യസ്തമായ രീതിയിൽ കഥ പറയുന്ന സിനിമയുടെ ഗാനങ്ങൾ ചിട്ടപ്പെടുത്തുന്നത് രതീഷ് ഈറ്റില്ലമാണ്.

മഞ്ജു വാര്യരുടെ 'കയറ്റം' റിലീസ് ചെയ്യുന്നത് തിയ്യേറ്ററിലൂടെയോണോ അതോ ഒട്ടിട്ടി പ്ലാറ്റ് ഫോമിലൂടെയോണോ എന്ന ചർച്ചയിലാണ് പ്രേക്ഷകരും സിനിമാ ലോകവും ഇപ്പോൾ.

## വമ്പൻ താരനിരയുമായി പൊന്നിയിൻ ശെൽവം



കൊവിഡ് ഭീതിയിൽ ലോക്ഡൗൺ പ്രഖ്യാപിച്ചതിനാൽ സിനിമ വ്യാവസായം കടുത്ത പ്രതിസന്ധിയാണ് നേരിടുന്നത് ഈ സാഹചര്യത്തിൽ വരും കാലത്ത് താരങ്ങൾ പ്രതിഫലം വെട്ടിക്കുറയ്ക്കണമെന്ന് സംവിധായകൻ മണിരത്നം. ഒരു വെബിനാറിൽ റിലയൻസ് എൻർടൈൻമിന്റ്സിന്റെ സി.ഇ.ഒ ശിബലാശിഷ് സർക്കാറുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

"സിനിമാവ്യവസായം പഴയപടിയാകുന്നതുവരെ താരങ്ങളും സാങ്കേതിക പ്രവർത്തകരുമെല്ലാം പ്രതിഫലം കുറയ്ക്കണം. അല്ലെങ്കിൽ ഈ സാഹചര്യത്തിൽ നിർമാതാക്കൾ മുൻപോട്ട് വരില്ല. തിയേറ്ററിൽ ആളുകൾ വന്നെങ്കിൽ മാത്രമേ ബിഗ് ബജറ്റ് സിനിമകളുടെ മുതൽ മുടക്ക് തിരിച്ചു പിടിക്കാനാകൂ. തിയേറ്ററുകളിൽ തുറന്നാലും ജനങ്ങൾ പേടികൂടാതെ വന്നു തുടങ്ങാൻ പിന്നെയും സമയമെടുക്കും. സർക്കാറും സിനിമയ്ക്ക് സഹായവുമായി മുന്നോട്ട് വരണം.

മണിരത്നം ഇപ്പോൾ സംവിധാനം ചെയ്തു കൊണ്ടിരിക്കുന്ന"പൊന്നിയിൻ സെൽവന്റെ ചിത്രീകരണം പാതി വഴിയിലാണ്. പത്താം നൂറ്റാണ്ടാണ് കഥാപശ്ചാത്തലം. ആ സിനിമയ്ക്ക് വലിയ ആൾക്കൂട്ടം ആവശ്യമാണ്. അതെങ്ങനെ പൂർത്തിയാ ക്കുമെന്ന് എനിക്കറിയില്ല. എന്തു തന്നെ സംഭവിച്ചാലും ഞാനത് ചെയ്തിരിക്കും. സമയം എടുക്കുമെന്നറിയാം. കൊവിഡ് പശ്ചാത്തലത്തിൽ സിനിമാസെറ്റുകളിൽ വലിയ മുൻകരുതലുകൾ സ്വീകരിക്കേണ്ട തുണ്ട്"– മണിരത്നം കൂട്ടിച്ചേർത്തു. വിക്രം, ഐശ്വര്യ റായ് ബച്ചൻ, ജയം രവി, കാർത്തി, വിക്രം പ്രഭു, തൃഷ, ജയറാം, ഐശ്വര്യ ലക്ഷ്മി, അശ്വിൻ കാകുമാനു, ശരത് കുമാർ, പ്രഭു, കിഷോർ എന്നിവരാണ് പൊന്നിയിൻ സെൽവനിലെ താരങ്ങൾ. വിജയ് സേതുപതിയും ചിത്രത്തിന്റെ ഭാഗമായേക്കും.

## 'ആമേൻ' പള്ളി തീർത്ഥാടന കേന്ദ്രമായി; പ്രചരണത്തിന് പിന്നിലെ സത്യം എന്ത്



ടോവിനോ ചിത്രം മിന്നൽ മുരളിയുടെ സെറ്റ് തകർത്തതുമായി ബന്ധപ്പെട്ട് നിരവധി വിമർശനങ്ങൾ ഉയരുമ്പോൾ സിനിമ സെറ്റുകൾ പൊളിക്കുന്നതിനെ കുറിച്ച് വ്യാജ പ്രചരണങ്ങളും സജീവം. ആമേൻ സിനിമയിലെ പള്ളിക്കെതിരെ വ്യാജ പ്രചരണവുമായാണ് ചിലർ എത്തിയത്. ആമേൻ സിനിമയ്ക്ക് വേണ്ടി 2013ൽ പണിത സെറ്റ് ഇന്ന് തീർത്ഥാടന കേന്ദ്രമാണ് എന്നാണ് ചില രാഷ്ട്രീയകേന്ദ്രങ്ങൾ പ്രചരണം നടത്തുന്നത്. എന്നാൽ ഈ ആരോപണങ്ങൾക്ക് പിന്നിലെ സത്യാവസ്ഥ തെളിയിക്കുകയാണ് സിനിമയുടെ ചിത്രീകരണം നടന്ന ആലപ്പുഴ ജില്ലയിലെ ഉളവയ്പ്പിൽ നിന്നുള്ള അനന്തു അജി സമൂഹമാധ്യമത്തിലൂടെ. അനന്തു അജിയുടെ കുറിപ്പ്: ആമേൻ സിനിമയ്ക്കായി 2013ൽ പണിത ക്രിസ്ത്യൻ പള്ളിയുടെ സെറ്റ് സിനിമ ഷൂട്ടിങ്ങിന് ശേഷവും പൊളിച്ച് മാറ്റിയില്ലെന്നും അതിപ്പോഴൊരു 'തീർത്ഥാടനകേന്ദ്രമായി' മാറിയിരിക്കുകയാണെന്നുമൊക്കെ മിന്നൽ മുരളി എന്ന സിനിമയുടെ സെറ്റ് പൊളിച്ച സംഘികൾ പറഞ്ഞു പരത്തുന്നുണ്ട്. ആമേൻ സിനിമയ്ക്കായി സെറ്റിട്ട പള്ളി എന്റെ നാട്ടിലാണ്. ഉളവയ്പ്പിൽ.. (ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്ക്.) എന്റെ അറിവിൽ ആമേൻ സിനിമയ്ക്കായി അന്ന് സെറ്റിട്ടത് ഈ ചിത്രത്തിൽ കാണുന്ന ഒരേയൊരു പള്ളിയാണ്. അതും എന്റെ വീട്ടിൽ നിന്ന് പത്തോ പതിനഞ്ചോ മിനിറ്റ് കഷ്ടി നടന്നാൽ എത്താവുന്ന ദൂരത്ത്. ചോറും കറിയുമൊക്കെ നേരത്തെ വെച്ച് സ്ത്രീകളടക്കമുള്ള ആളുകൾ, കുട്ടികൾ, പണിക്ക് അവധി കൊടുത്ത് ചേട്ടന്മാർ.. ഒരു നാട് മൊത്തം ഷൂട്ടിങ് കാണാൻ എത്തുന്നത് ഞാനാദ്യമായി കാണുന്നത് അന്നാണ്.

അതിന് മുമ്പും അതിന് ശേഷവും വാരിക്കുഴിയിലെ കൊലപാതകമടക്കം ഒരുപാട് സിനിമകൾ ഉളവയ്പ്പിൽ ഷൂട്ട് ചെയ്തിട്ടുണ്ട്. ഏതാണ്ട് ഒന്നൊന്നര മാസം നീണ്ടു നിന്ന ആമേന്റെ ഷൂട്ടിങ്ങിനു ശേഷം വിറക് വിലയ്ക്ക് ആ പള്ളി പൊളിച്ച് വിൽക്കുകയായിരുന്നു ഉണ്ടായത്.



ജീവനാദം
JEEVANAADAM

## വിദേശവാർത്ത

# ചൈനയെ ഫ്രാൻസിസ്പാപ്പാ മാതാവിനു സമർപ്പിച്ചു




വത്തിക്കാൻ സിറ്റി: ചൈനയ്ക്കായുള്ള പ്രാർഥനാദിനത്തിൽ ഫ്രാൻസിസ് പാപ്പാ ലോകത്തിലെ ഏറ്റവും ഉയർന്ന ജനസംഖ്യയുള്ള ആ രാജ്യത്തെ പരിശുദ്ധ കന്യകമാതാവിന്റെ സംരക്ഷണയ്ക്കു സമർപ്പിക്കുകയും പരിശുദ്ധാത്മാവിന്റെ ശക്തമാ യ അഭിഷേകം അവിടത്തെ വിശ്വാസികൾക്കുണ്ടാകട്ടെ എന്നു പ്രാർഥിക്കുകയും ചെയ്തു.

ഞായറാഴ്ച ക്രൈസ്തവരുടെ സഹായമായ കന്യകമറിയത്തിന്റെ തിരുനാളിൽ മധ്യാഹ്നത്തിലെ സ്വർലോകരാജ്ഞി പ്രാർഥനാസന്ദേശത്തിനുശേഷം പരിശുദ്ധ പിതാവ് ചൈനയ്ക്കായി പ്രത്യേക അപ്പസ്തോലിക ആശീർവാദം നൽകി. ഷാങ്ഹായ് ഷെഷാനിൽ മാതാവിന്റെ ഈ നാമധേയത്തിലുള്ള ദേശീയ മരിയൻ തീർഥാടനകേന്ദ്രം കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മേയ് മാസത്തിൽ അടച്ചിട്ടിരിക്കയാണ്.

ചൈനയിലെ കത്തോലിക്കാ വിശ്വാസികളായ സഹോദരീസഹോദരന്മാരോട് അവരുടെ പ്രത്യാശയിലും ജീവിതപരീക്ഷകളിലും സാർവത്രിക സഭ ഒന്നടങ്കം ആത്മീയമായി ഒന്നുചേരുകയാണെന്ന് പാപ്പാ പറഞ്ഞു.

അവിടത്തെ സഭയിലെ ഇടയന്മാരും വിശ്വാസികളും വിശ്വാസത്തിൽ ശക്തരും സാഹോദര്യകൂട്ടായ്മയിൽ ഉറപ്പുള്ളവരും സന്തോഷമുള്ള സാക്ഷികളും സാഹോദര്യഉപവിയുടെയും പ്രത്യാശയുടെയും പരിപോഷകരും നല്ല പൗരന്മാരും ആയിരിക്കുന്നതിനുവേണ്ടി അവരെ മാതാവിന്റെ സംരക്ഷ ണയ്ക്കു സമർപ്പിക്കുന്നു. വിശ്വസിക്കുന്നവരെയെല്ലാം രക്ഷിക്കുന്ന ദൈവത്തിന്റെ ശക്തിയും സുവിശേഷ ത്തിന്റെ പ്രകാശവും സൗന്ദര്യവും പരിശുദ്ധാത്മാവ് ചൈനയിലെ ജനങ്ങൾക്കുമേൽ

> സമൂഹത്തെയും ജനതയെയും ഒരുമിച്ചുനിർത്തുന്ന കേന്ദ്രങ്ങളാണ് ആരാധനാലയങ്ങൾ. അമേരിക്കയ്ക്ക് പ്രാർഥനകൾ കൂടുതൽ ആവശ്യമുണ്ട്.

ചൊരിയട്ടെയെന്നും പാപ്പാ പ്രാർഥിച്ചു. കമ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ അംഗീകാരമുള്ള ചൈനീസ് കാത്തലിക് പേട്രിയോട്ടിക് അസോസിയേഷൻ എന്ന സഭാസംവിധാനത്തിലെ 60 ലക്ഷം അംഗങ്ങൾ ഉൾപ്പെടെ രാജ്യത്ത് ഒരു കോടിയിലേറെ കത്തോലിക്കരുണ്ടെന്നാണ് ഔദ്യോഗിക കണക്ക്. മെത്രാന്മാരുടെ നിയമനം സംബന്ധിച്ച് 2018 സെപ്റ്റംബറിൽ ചൈനയുമായി വത്തിക്കാൻ പുതിയ ഉടമ്പടി ഒപ്പുവയ്ക്കുകയുണ്ടായി. ബെനഡിക്ട് പതിനാറാമൻ പാപ്പായാണ് ക്രൈസ്തവരുടെ സഹായമായ കന്യകമാതാവിന്റെ തിരുനാൾ ചൈനയ്ക്കുവേണ്ടിയുള്ള പ്രാർഥനാദിനമായി 2007ൽ പ്രഖ്യാപിച്ചത്.

## പാപ്പയോടൊപ്പം ജപമാലയിൽ തീർഥാടന കേന്ദ്രങ്ങളും



വത്തിക്കാൻ സിറ്റി: കൊറോണ വൈറസ് മഹാവ്യാധിയിൽ നിന്നുള്ള മോചനത്തിനായി പ്രാർഥിച്ചുകൊണ്ട് മേയ് 30ന് വത്തിക്കാൻ ഗാർഡൻസിലെ ലൂർദ്മാതാവിന്റെ ഗ്രോട്ടോയിൽ ഫ്രാൻസിസ് പാപ്പാ ജപമാല അർപ്പിക്കുമ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മരിയൻ തീർഥാടനകേന്ദ്രങ്ങളും വീഡിയോ സ്ട്രീമിംഗിലൂടെ അതിൽ പങ്കുചേരും.

മേയ് 30ന് വൈകുന്നേരം 5.30ന് (ഇന്ത്യൻ സമയം രാത്രി ഒൻപതുമണി) വത്തിക്കാനിൽ നിന്ന് തത്സമയം സംപ്രേഷണം ചെയ്യുന്ന പാപ്പായുടെ ജപമാലയർപ്പണത്തിൽ ആഗോള തലത്തിലുള്ള മരിയൻ തീർഥാടനകേന്ദ്രങ്ങളിലെ പ്രാർഥനയുടെ ലൈവ്സ്ട്രീം വീഡിയോ ദൃശ്യങ്ങളും ഉൾപ്പെടുത്തുമെന്ന് നവസുവിശേഷവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പൊന്തിഫിക്കൽ കൗൺസിൽ അധ്യക്ഷൻ ആർച്ച്ബിഷപ്പ് സാൽവത്തോരെ റിനോ ഫിസിക്കേല്ല അറിയിച്ചു.

പോർച്ചുഗലിലെ ഫാത്തിമയിലെ തീർഥാടനകേന്ദ്രത്തിൽ 1917ലെ പരിശുദ്ധമാതാവിന്റെ പുണ്യദർശനത്തിന്റെ വാർഷികത്തിൽ മേയ് 13ന് തീർഥാടകരുടെ സാന്നിധ്യമില്ലാതെയാണ് തിരുക്കർമങ്ങൾ നടത്തിയത്.

ഫാത്തിമ, ലൂർദ്, മെക്സിക്കോയിലെ ഗ്വാദലൂപെ, കൊളംബിയയിലെ ചികിൻകിരാ, അർജന്റീനയിലെ ലുഹാൻ, മിലാഗ്രോ, പോളണ്ടിലെ ചെസ്റ്റൊക്കോവാ, ഇറ്റലിയിലെ സാൻ ജൊവാന്നി റോത്തോൻഡോ തീർഥാടനകേന്ദ്രങ്ങളും, അമേരിക്കയിലെ വാഷിംഗ്ടൺ ഡിസി അമലോത്ഭവനാഥയുടെ ദേശീയ തീർഥാടനകേന്ദ്രം, നൈജീരിയയിലെ എലെലെയിലെ ദേശീയ തീർഥാടന കേന്ദ്രം, ഐവറി കോസ്റ്റിലെ സമാധാനനാഥയുടെ തീർഥാടന കേന്ദ്രം എന്നിവയും പാപ്പായുടെ നേതൃത്വത്തിലുള്ള രാജ്യാന്തര ജപമാല പ്രാർഥനയിൽ പങ്കുചേരും.

# വത്തിക്കാൻ മ്യൂസിയം ജൂൺ ഒന്നിനു തുറക്കും



വത്തിക്കാൻ സിറ്റി: മൂന്നു മാസത്തോളം നീണ്ട ലോക്ഡൗണിനു ശേഷം ഇറ്റലി യൂറോപ്യൻ യൂണിയൻ മേഖലയിൽ നിന്നുള്ള ടൂറിസ്റ്റുകൾക്കായി അതിർത്തി തുറക്കുന്നതിനു രണ്ടു ദിവസം മുൻപ്, ജൂൺ ഒന്നിന് വത്തിക്കാൻ മ്യൂസിയം സന്ദർശകർക്ക് പ്രവേശനം അനുവദിച്ചുതുടങ്ങും. അതേസമയം, ഉച്ചയ്ക്കും വൈകുന്നേരവും സന്ദർശക സമയം കൂട്ടുകയാണ്. തിങ്കളാഴ്ച തൊട്ട് ശനി വരെ രാവിലെ 10ന് മ്യൂസിയം തുറക്കും. വെള്ളിയും ശനിയും രാത്രി 10 വരെ മ്യൂസിയവും വത്തിക്കാൻ തോട്ടവും സന്ദർശകർക്കായി തുറന്നുവയ്ക്കും. വത്തിക്കാൻ ഗാർഡൻസിലൂടെ തുറന്ന ബസ് യാത്രയും വത്തിക്കാൻ മ്യൂസിയം ഏർപ്പാടുചെയ്യുന്നുണ്ട്. മാർച്ച് എട്ടിനാണ് വത്തിക്കാൻ മ്യൂസിയവും ആർക്കിയോളജിക്കൽ സൈറ്റുകളും അടച്ചത്.പത്ത് ആഴ്ചത്തെ ലോക്ഡൗൺ ഇടവേളയ്ക്കുശേഷം ഇക്കഴിഞ്ഞ ഞായറാഴ്ചയാണ് വത്തിക്കാനിലെ അപ്പസ്തോലിക അരമനയിലെ ജാലകപ്പടിക്കരികെ നിന്ന് മധ്യാഹ്നത്തിലെ സ്വർലോകരാജ്ഞി പ്രാർഥനയ്ക്കുശേഷം ഫ്രാൻസിസ് പാപ്പാ നൽകുന്ന ആശീർവാദം സ്വീകരിക്കാൻ സെന്റ് പീറ്റേഴ്സ് ചത്വരത്തിലേക്ക് ജനങ്ങൾ എത്തിയത്. അരമനയിലെ ലൈബ്രറിയിൽ നിന്നാണ് പാപ്പാ ത്രികാലപ്രാർഥന നയിച്ചതും സന്ദേശം നൽകിയതും. മാസ്ക് ധരിക്കാതെ ആരെയും ചത്വരത്തിൽ പ്രവേശിപ്പിക്കുന്നില്ല.